## നവജീവന ഹയർസെക്കന്ററി സ്കൂൾ പെർഡാല

പി.ഒ. പെർഡാല, കാസറഗോഡ് - 671551
ഫോൺ 04998 284680, 284780

റവന്യു ജില്ല : കാസറഗോഡ്
വിദ്യാഭ്യാസ ജില്ല : കാസറഗോഡ്
വിദ്യാഭ്യാസ ഉപജില്ല : കുമ്പള

# നവദർശനം

## (അക്കാദമിക് മാസ്റ്റർ പ്ലാൻ)



**പൊതുവിദ്യാഭ്യാസത്തിന്റെ മേന്മ**
**നാടിന്റെ നന്മ**

# ഉള്ളടക്കം


| | | |
|---|---|---|
| ആമുഖം | - | 1 |
| സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പരിമിതികൾ | - | 2 |
| പൊതുവായ പ്രവർത്തനങ്ങൾ | - | 3 |
| നവജീവനം പദ്ധതി | - | 4 |
| സോളാർ പാനൽ നിർമ്മാണം | - | 6 |
| യു.പി. വിഭാഗം | - | 7 |
| ഹൈസ്കൂൾ വിഭാഗം | - | 9 |
| ഭാഷാപഠനം എച്ച്.എസ്. | - | 9 |
| അടിസ്ഥാന ശാസ്ത്രം എച്ച്.എസ്. | - | 16 |
| ഗണിതം എച്ച്.എസ്. | - | 19 |
| സാമൂഹ്യശാസ്ത്രം എച്ച്.എസ്. | - | 20 |
| **ഹയർ സെക്കന്ററി വിഭാഗം** | | |
| ഇംഗ്ലീഷ് എച്ച്.എസ്.എസ്. | - | 22 |
| ഹിന്ദി എച്ച്.എസ്.എസ്. | - | 24 |
| കന്നട എച്ച്.എസ്.എസ്. | - | 25 |
| ഗണിതം എച്ച്.എസ്.എസ്. | - | 27 |
| രസതന്ത്രം എച്ച്.എസ്.എസ്. | - | 30 |
| ഊർജ്ജതന്ത്രം എച്ച്.എസ്.എസ്. | - | 32 |
| ബയോളജി എച്ച്.എസ്.എസ്. | - | 34 |
| കോമേഴ്സ് എച്ച്.എസ്.എസ്. | - | 36 |
| കമ്പ്യൂട്ടർ അപ്ലികേഷൻ എച്ച്.എസ്.എസ്. | - | 39 |
| സാമ്പത്തിക ശാസ്ത്രം | - | 44 |
| ഉപസംഹാരം | - | 46 |

## ആമുഖം

1944ൽ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഊർജ്ജം ഉൾക്കൊണ്ട് പ്രവർത്തനമാരംഭിച്ച നമ്മുടെ വിദ്യാലയം ഇന്ന് ഏറെ വളർന്ന് വികസിച്ചിരിക്കുന്നു. പെർഡാല എജ്യുക്കേഷൻ സൊസൈറ്റി മൂന്ന് ക്ലാസ് മുറികളിലായി തുടങ്ങിയ ഈ വിദ്യാലയം ഇന്ന് എഴുപതു ക്ലാസുമുറികളും രണ്ടായിരത്തിലധികം വിദ്യാർത്ഥികളുമുള്ള ഒരു വലിയ സ്ഥാപനമായി വളർന്നിരിക്കുന്നു. 2010ൽ സയൻസ്, കോമേഴ്സ് വിഷയങ്ങളിൽ ഹയർ സെക്കന്ററിയും ആരംഭിച്ചു.

**ഡോ. പി.എസ്. ശാസ്ത്രി**യുടെ നേതൃത്വത്തിലുള്ള ഒരു സംഘം വിദ്യാഭ്യാസ പ്രവർത്തകരാണ് ഇതിന്റെ ആദ്യകാല സാരഥികൾ. സപ്ത ഭാഷാ സംഗമഭൂമിയായ ബദിയടുക്കയിലെ ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ പ്രദേശത്തെ നല്ലവരായ നാട്ടുകാർ എക്കാലവും നല്ല സഹായങ്ങൾ നൽകിവരുന്നു.

**ഡോ. സൂര്യ എൻ. ശാസ്ത്രി** മാനേജരും **അഡ്വ. ഐ.വി. ഭട്ട്** പ്രസിഡണ്ടുമായി പെർഡാല എജ്യുക്കേഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ, സ്കൂൾ വളർച്ചയുടെ പാതയിലാണ് ഹയർ സെക്കന്ററി പ്രിൻസിപ്പൽ **ശ്രീ ടി. മാധവൻ ഭട്ടതിരി,** സ്കൂൾ ഹെഡ് ടീച്ചർ **ശ്രീ പി. മിനി,** പിടിഎ പ്രസിഡന്റുമാരായ **ശ്രീ ചാത്തുട്ടി മാസ്റ്റർ, ശ്രീ അൻവർ ഓസോൻ** എന്നിവരുടെ നേതൃത്വത്തിൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു.

ഓരോ വർഷവും വിജയശതമാനത്തിൽ വരുന്ന ക്രമാനുഗതമായ വളർച്ച ഏറെ സന്തോഷം നൽകുന്നു. ഈ വർഷം 35 ഫുൾ എ പ്ലസും, 99.6 ശതമാനം വിജയവുമാണ്. വരും വർഷങ്ങളിൽ നൂറു ശതമാനം വിജയത്തിലേക്ക് എത്താൻ ആഗ്രഹിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ മുന്നോട്ടുവെക്കുന്നത്.

## സ്ക്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പരിമിതികൾ

- വിദ്യാർത്ഥികളിൽ അധികം പേരുടെയും രക്ഷിതാക്കൾ നിർധന കുടുംബക്കാരും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയിലുള്ളവരും ആയതിനാൽ ക്ലാസ് പിടിഎ ബോധവൽക്കരണ ക്ലാസ് എന്നിവയ്ക്ക് നൂറു ശതമാനം പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നില്ല.

- പതിനാലേക്കറോളം വരുന്ന സ്ക്കൂൾ കാമ്പസിന് ചുറ്റും മതിൽ ഇല്ലാത്തത് നാം നേരിടുന്ന ഒരു വലിയ പ്രശ്നമാണ്.

- വിദൂര ഗ്രാമങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് വാഹന സൗകര്യത്തിന്റെ അഭാവം നിമിത്തം കൃത്യ സമയത്ത് സ്ക്കൂളിൽ എത്തിച്ചേരാൻ പ്രയാസം അനുഭവപ്പെടുന്നു.

- ഒൻപത്, പത്ത്, ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ സർക്കാറിന്റെ ഉച്ചഭക്ഷണപദ്ധതിയിൽ നിന്ന് പുറത്തായതിനാൽ ഈ മേഖലയിലെ കുട്ടികൾ വലിയ വിഷമം നേരിടുന്നു.

- ആയിരത്തോളം പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിൽ അത്യാവശ്യ സമയത്ത് വിശ്രമിക്കാൻ സജ്ജമായ ഒരു മുറിയുടെ അഭാവം ഒരു പ്രശ്നമാണ്.

# പൊതുവായ പ്രവർത്തനങ്ങൾ

1. 'നവജീവനം' പദ്ധതി
2. മാസം തോറും യൂണിറ്റ് ടെസ്റ്റും പി.ടി.എ. മീറ്റിംഗും.
3. ശേഷി കൈവരിക്കാത്ത കുട്ടികളെ ദത്തെടുക്കൽ
4. ലൈബ്രറി വിപുലീകരണം
5. കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ് എന്നിവ ആധുനികവൽക്കരിക്കൽ.
6. കൂടുതൽ കരിയർ ഗൈഡൻസ് ലാബ് എന്നിവ ആധുനികവൽക്കരിക്കൽ.
7. ഗൃഹസന്ദർശനത്തിലൂടെ ശേഷി കൈവരിക്കാത്ത കുട്ടികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക.
8. കലാ കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവെക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക.
9. മാനുഷിക മൂല്യം ഉയർത്താനായി ഓരോ അസംബ്ലിയിലും 'നല്ല വാർത്ത' വായിക്കുന്ന ശീലം തുടങ്ങുക.
10. ലക്ഷ്യബോധം, പോസിറ്റീവ് ചിന്താഗതി ഇവ ഉണ്ടാക്കാൻ പല മേഖലയിലുള്ള പ്രതിഭകളുടെ ജീവചരിത്രം വായിക്കുന്ന ശീലം.
11. ആത്മവിശ്വാസവും ശുഭാപ്തി വിശ്വാസവും വർദ്ധിപ്പിക്കാനായി പ്രഗൽഭരെക്കൊണ്ട് Motivational Classes തുടങ്ങുക.

# സ്കൂൾ റോഡ് 'വൺവേ' ആക്കുക

വിദ്യാലയത്തിലേക്ക് അപ്പർ ബസാറിൽ നിന്നും വരുന്ന റോഡ് 'പീക്ക് ടൈമിൽ' (രാവിലെ 9 മുതൽ 10 മണി വരെയും, വൈകുന്നേരം 3.30 മുതൽ 4.30 വരെയും) വൺവേ ആക്കണം. ഗവൺമെന്റ് ഹോസ്പിറ്റലിന് സമീപത്ത്കൂടെ പോകുന്ന റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ തിരിച്ചുപോകുന്ന വാഹനങ്ങൾക്ക് അത്‌വഴി പോകാനും അപ്പർബസാറിൽ നിന്ന് സ്കൂളിലേക്ക് വരുന്ന റോഡിലെ വാഹന ബാഹുല്യം നിയന്ത്രിക്കുവാനും സാധിക്കും. ഗവൺമെന്റ് ഹോസ്പിറ്റലിന് സമീപത്ത് കൂടെ വരുന്ന റോഡ് പൂർണ്ണമായും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിതരണമെന്ന് പഞ്ചായത്ത് അധികൃതരോട് അഭ്യർത്ഥിക്കുന്നു.

നവജീവന ഹയർസെക്കന്ററി സ്കൂൾ പെർഡാല
പി.ഒ. പെർഡാല, കാസറഗോഡ് – 671551
ഫോൺ 04998 284680, 284780
Email: 11038perdala@gmail.com

# നവജീവനം പദ്ധതി

രക്ഷിതാക്കളിലാരുടെയെങ്കിലും വിയോഗം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് കൈത്താങ്ങ്.

## പദ്ധതിയുടെ ആവശ്യം

രക്ഷിത്താക്കളിലാരെങ്കിലും (അച്ഛനോ, അമ്മയോ) മരിച്ചു പോയ കുറച്ച് കുട്ടികളെങ്കിലും നമ്മുടെ വിദ്യാലയത്തിലുണ്ട്. ഇവരിൽ പലർക്കും ബന്ധുക്കൾ, നാട്ടുകാർ, സർക്കാർ സംവിധാനങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. എന്നാൽ ഈ കുട്ടികൾ അനുഭവിക്കുന്ന മാനസിക പ്രശ്നങ്ങൾ പരിഗണിക്കപ്പെടുന്നില്ല. ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ ഒരു പദ്ധതി ആവശ്യമാണ്.

## ലക്ഷ്യങ്ങൾ

* മാനസികമായി ഒറ്റപ്പെടൽ അനുഭവിക്കുന്ന കുട്ടികൾക്ക് കൈത്താങ്ങാവുക.
* ആത്മവിശ്വാസത്തോടെ വളരാൻ സാഹചര്യമൊരുക്കുക.
* ഞാൻ ഒറ്റയ്ക്കല്ല എന്ന ബോധം വളർത്തുക.
* ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ അവരെ പര്യാപ്തരാക്കുക.
* ഇവർക്ക് സമൂഹവുമായി ശരിയായി ഇടപെടാൻ സാഹചര്യമൊരുക്കുക.
* ശരിതെറ്റുകളെ തിരിച്ചറിയാനുള്ള വിവേകം വളർത്തുക.

## പദ്ധതി കാലയളവ്

2022 എപ്രിൽ മുതൽ 2023 മാർച്ച് വരെ

## മുന്നൊരുക്കങ്ങൾ

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ക്ലാസ്സധ്യാപകൻ കണ്ടെത്തി സ്കൂൾ തലത്തിൽ ക്രോഡീകരിക്കുന്നു. സ്റ്റാഫ് കൗൺസിലും, പി.ടി.എ.യും ചർച്ച ചെയ്ത് ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മപദ്ധതി തയ്യാറാക്കുന്നു. രണ്ടോ മൂന്നോ കുട്ടികളുടെ രക്ഷാകർത്താവിന്റെ സ്ഥാനത്ത് ഒരധ്യാപകൻ എന്ന നിലയിൽ ചുമതലകൾ വിഭജിച്ച് നൽകുന്നു.

## പ്രവർത്തനങ്ങൾ

* അവരവർക്ക് ഉത്തരവാദിത്തപ്പെട്ട കുട്ടികളുമായി എല്ലാ ദിവസവും പ്രസ്തുത അധ്യാപകർ ആശയ വിനിമയം നടത്തും.
* ഗൃഹസന്ദർശനം നടത്തും.
* ഈ കുട്ടികളുടെ ജന്മദിനം സന്തോഷപ്രദമാക്കാൻ ഏറ്റവും ലളിതമായ ഒരാഘോഷം നടത്തും.
* എല്ലാ മാസവും സ്കൂൾ തലത്തിൽ ഈ കുട്ടികൾക്ക് മുഴുവൻ ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പ് സംഘടിപ്പിക്കും.
* കുട്ടികളുടെ മാനസികാരോഗ്യം നിലനിർത്തി പഠന മികവും ആത്മവിശ്വാസവും വളർത്തുന്ന രീതിയിൽ ക്യാമ്പ് ആസൂത്രണം ചെയ്യും.
* ക്യാമ്പ് നടക്കുന്ന ദിവസങ്ങളിൽ അവർക്കിഷ്ടപ്പെട്ട ഭക്ഷണം ഒരുക്കിക്കൊടുക്കും.
* ഈ കുട്ടികളുടെ നിലവിലെ രക്ഷിതാക്കൾക്കും കുട്ടികളുടെ കഴിവുകളും പോരായ്മകളും തിരിച്ചറിഞ്ഞ് അവരവരോടൊപ്പം നിൽക്കേണ്ടതിന് വേണ്ട നിർദ്ദേശങ്ങൾ നൽകും.

## ചെലവുകൾ

ഈ പദ്ധതി നടപ്പിലാക്കാൻ ഒരു കുട്ടിക്ക് ഒരു വർഷം അഞ്ചായിരം രൂപയെങ്കിലും ചെലവ് വരും. സ്പോൺസർമാർ, വിദ്യാഭ്യാസ വകുപ്പ്, ഗ്രാമ പഞ്ചായത്ത് എന്നിവരിലൂടെ ഈ തുക കണ്ടെത്താൻ കഴിയും. നമ്മുടെ സ്കൂളിലെ സാഹചര്യം നോക്കുമ്പോൾ ശരാശരി 50 കുട്ടികളെങ്കിലും ഈ വിഭാഗത്തിൽ ഉണ്ടാവും.

## പദ്ധതിയുടെ ഗുണങ്ങൾ

രക്ഷാകർത്താക്കളുടെ സ്നേഹവും സമീപ്യവും നഷ്ടമാവുന്നതുകൊണ്ട് മാത്രം പലതരം പ്രശ്നങ്ങൾ.

## തുടർ പ്രവർത്തനങ്ങൾ

നമ്മുടെ സ്കൂളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി മറ്റ് സ്കൂളുകളിലും നടപ്പിലാക്കാൻ വിദ്യാഭ്യാസ വകുപ്പും സർക്കാർ സംവിധാനങ്ങളും മുൻകയ്യെടുത്താൽ രക്ഷാകർത്താക്കളുടെ വിയോഗം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന മുഴുവൻ കുട്ടികൾക്കും സുരക്ഷിത ഭാവിയൊരുക്കാൻ കഴിയും.

## സോളാർ പാനൽ നിർമ്മാണം

2022-23 അധ്യയന വർഷത്തിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കാനുള്ള തീരുമാനം കൈകൊണ്ടിരിക്കുന്നു. സ്കൂൾ ഐ.ടി. ലാബ്, ഫാൻ, ബൾബ്, പ്രൊജക്ടർ തുടങ്ങിയവയ്ക്ക് ആവശ്യമായ വൈദ്യുതി ഇതിൽകൂടി കണ്ടെത്താൻ തീരുമാനിച്ചു. ഫണ്ട് പി.ടി.എ, ഡൊണേഷൻ, മാനേജ്മെന്റ് എന്നിവ സംയുക്തമായി വഹിക്കും. ഹൈസ്കൂൾ, ഹയർ സെക്കന്ററി, പ്രൈമറി വിദ്യാലയം എന്നിവയ്ക്ക് മിനിമം 50 മിനിറ്റ് എങ്കിലും ദിവസവും വേണ്ടിവരും.

## ഗതാഗത സൗകര്യം

ബെളിഞ്ച, മുണ്ട്യത്തടുക്ക എന്നീ വിദൂര പ്രദേശങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കാൻ തത്വത്തിൽ തീരുമാനമായി. അധ്യാപകരുടെ സഹായത്തോടെ ഫണ്ട് കണ്ടെത്തുന്നു.

## കുടിവെള്ള പ്രശ്നം പരിഹരിച്ചു

കുട്ടികൾക്ക് ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട് മൂന്നു കൂളറുകൾ സ്കൂളിൽ സ്ഥാപിച്ചു.

## സ്കൂൾ ഗാർഡനും ഗാന്ധിപ്രതിമയും

സ്കൂളിൽ മനോഹരമായ ഒരു പൂന്തോട്ടവും ഗാന്ധിപ്രതിമയും തയ്യാറാക്കി. കുറച്ച് ഔഷധ സസ്യങ്ങളും, നവജീവനയുടെ അങ്കണത്ത് ഒരുക്കിയിട്ടുണ്ട്. സ്കൂളിൽ ചെറിയ ഒരു 'ജൈവ പച്ചക്കറി' തോട്ടവും ഉണ്ട്.

## ಯು.ಪಿ. ವಿಭಾಗ

**ಉದ್ದೇಶಗಳು**

- ಮಕ್ಕಳ ಕಲಿಕಾಸಕ್ತಿಯನ್ನು ಗುರುತಿಸಿ ಅದಕ್ಕೆ ಸೂಕ್ತವಾದ ವೇದಿಕೆಯನ್ನು ಒದಗಿಸುವುದು.
- ಪಾಠ್ಯೇತರ ಚಟುವಟಿಕೆಗಳಿಗೆ ಒತ್ತು ನೀಡುವುದರ ಮೂಲಕ ಮಕ್ಕಳಲ್ಲಿ ಸಾಮಾಜಿಕ ಮೌಲ್ಯವನ್ನು ಬೆಳೆಸುವುದು.
- ಕ್ಲಾಸ್ ರೂಮಿನಲ್ಲೇ ಲೈಬ್ರರಿಯ ವ್ಯವಸ್ಥೆಯನ್ನು ಮಾಡುವುದು.
- ಮಕ್ಕಳ ಗುಣಮಟ್ಟವನ್ನು ಹೆಚ್ಚಿಸುವುದು.

**ಚಟುವಟಿಕೆಗಳು(2019) ಮಾರ್ಚ್‌ನ ಒಳಗೆ**

- ಪಾಠ ಯೋಜನೆ
- ಐ.ಸಿ.ಟಿ., ಕ್ಲಾಸ್ ಟೆಸ್ಟ್, ಅಸೈನ್‌ಮೆಂಟ್, ಪ್ರೊಜೆಕ್ಟ್‌ಗಳನ್ನು ಮಾಡಿಸುವುದು.
- ಶಾಲಾ ಸಮಯದ ಹೊರತಾಗಿ ಪಾಠದಲ್ಲಿ ಹಿಂದುಳಿದ ಮಕ್ಕಳಿಗೆ ತರಬೇತಿ ನೀಡುವುದು.
- ವಿವಿಧ ರೀತಿಯ ಶಿಬಿರಗಳನ್ನು ಮಾಡುವುದು.
- ಮಕ್ಕಳ ಮನೆಗೆ ಭೇಟಿ ನೀಡುವುದು.
- ಭಾಷಾ ಚಟುವಟಿಕೆಗಳನ್ನು ಆಕರ್ಷಣೀಯಗೊಳಿಸಲು ವಿವಿಧ ಚಟುವಟಿಕೆಗಳನ್ನು ಹಮ್ಮಿಕೊಳ್ಳುವುದು.
- ಆಕರ್ಷಣೀಯ ಪ್ರಯೋಗಗಳನ್ನು ಮಾಡಿಸುವುದು.
- ಗಣಿತ ಫಸಲ್‌ಗಳನ್ನು ಮಾಡಿಸುವುದು.
- ವಾರ್ತಾ ಪೆಟ್ಟಿಗಳನ್ನು ಅಳವಡಿಸುವುದು.

**ಪಾಠ್ಯೇತರ ಚಟುವಟಿಕೆಗಳು**

- ನಾಟಕ ಪ್ರದರ್ಶನ
- ಯಕ್ಷಗಾನ ಬಯಲಾಟ
- ಯೋಗ ತರಬೇತಿ
- ಶಾಸ್ತ್ರೀಯ ಮತ್ತು ಸುಗಮ ಸಂಗೀತ
- ಚಿತ್ರ ರಚನೆ
- ಸಾಹಿತ್ಯ ಸಭೆಗಳನ್ನು ವಾರದಲ್ಲಿ ಒಂದು ದಿನವಾದರೂ ಮಾಡುವುದು.
- ದಿನಾಚರಣೆಗಳನ್ನು ಆಚರಿಸಲಾಗುವುದು.
  - ಜೂನ್ 5 ವಿಶ್ವ ಪರಿಸರ ದಿನ
  - ಜೂನ್ 19ರ ತನಕ ವಾಚನಾ ವಾರಾಚರಣೆ
  - ಜುಲೈ 19 ವಿಶ್ವ ಜನಸಂಖ್ಯಾ ದಿನ

- ಆಗಸ್ಟ್ 15 ಸ್ವಾತಂತ್ರ್ಯ ದಿನ
- ಸೆಪ್ಟೆಂಬರ್ 14 ಹಿಂದಿ ವಾರಾಚರಣೆ
- ಸೆಪ್ಟೆಂಬರ್ 16 ಓಝೋನ್ ಸಂರಕ್ಷಣಾ ದಿನ
- ಸೆಪ್ಟೆಂಬರ್ 27 ದಿ। ಡಾ. ಪಿ.ಎನ್. ಶಾಸ್ತ್ರಿ ಜನ್ಮದಿನ
- ಸೆಪ್ಟೆಂಬರ್ 30 ವಿಜಯದಶಮಿ
- ಒಕ್ಟೋಬರ್ 2 ಗಾಂಧೀ ಜಯಂತಿ
- ದಶಂಬರ್ 14 ಮಕ್ಕಳ ದಿನಾಚರಣೆ (ಸಿಹಿ ತಿಂಡಿ ವಿತರಣೆ)
- ಜನವರಿ 12 ವಿವೇಕಾನಂದ ಜನ್ಮದಿನ
- ಜನವರಿ 26 ಗಣರಾಜ್ಯ ದಿನ (ಸಾಂಸ್ಕೃತಿಕ ದಿನದ ಆಚರಣೆ)

# ഹൈസ്കൂൾ വിഭാഗം

## ഭാഷാപഠനം

**ആമുഖം**

പുതിയ വിദ്യാഭ്യാസ രീതിയിൽ ഭാഷാ പഠനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. നാടിന്റെ സാംസ്കാരിക മൂല്യങ്ങൾ ഉൾകൊണ്ട് വളരാനും ലോകത്തിന്റെ ഏതു കോണിലേയും അറിവുകളും സംസ്കാരവും സ്വാംശീകരിക്കുവാനും ശരിയായ ഭാഷാ പഠനം സഹായിക്കും. മാതൃഭാഷ, രാഷ്ട്രഭാഷ, ലോകഭാഷ എന്നിങ്ങനെ വേർതിരിക്കുമ്പോഴും അനായാസം എല്ലാ ഭാഷകളും കൈകാര്യം ചെയ്യാനുള്ള കഴിവു നേടുമ്പോഴേ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളു. ഈ കാഴ്ച്ചപ്പാടോടെ രാഷ്ട്ര പഠനവുമായി ബന്ധപ്പെട്ട് കൂടുതൽ മികവുകൾ നേടാനും പരിമിതികൾ മറികടക്കാനും ഉള്ള ചില പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

**മികവുകൾ**

സപ്തഭാഷാ സംഗമഭൂമിയായ ഈ പ്രദേശം ഭാഷാപഠനത്തിന്റെ അനന്തസാധ്യതകൾ ഉള്ളതാണ്. മറ്റു പ്രദേശങ്ങളിൽ നിന്നു വ്യത്യസ്ഥമായി രണ്ടും മൂന്നും ഭാഷകൾ നന്നായി കൈകാര്യം ചെയ്യുന്ന സാധാരണക്കാർവരെ ധാരാളമുള്ളത് ഈ പ്രദേശത്തിന്റെ മേന്മയാണ്. അതുപോലെ വ്യത്യസ്ഥ സാംസ്കാരിക മൂല്യങ്ങളും സമന്വയിച്ച ഒരു സ്ഥലമാണിത്. പല ഭാഷകളിൽ അറിവുള്ള കുട്ടികൾ നമ്മുടെ വിദ്യാലയത്തിന്റെ ഒരു മേന്മ തന്നെയാണ്.

**പരിമിതികൾ**

ഈ പ്രദേശത്തെ സംസാരഭാഷ മാനകഭാഷയുമായി ഏറെ വ്യത്യസ്തത പുലർത്തുന്നുവെന്നതാണ് നാം നേരിടുന്ന ഒരു വെല്ലുവിളിയാണ്. മാത്രമല്ല മാതൃഭാഷാ പഠനമാധ്യമമായി തെരെഞ്ഞെടുക്കാൻ നിർവ്വാഹമില്ലാത്ത വിദ്യാർത്ഥികൾ ധാരാളമുണ്ട് എന്നത് ഭാഷാ പഠനത്തിലെ ബുദ്ധിമുട്ടുകളിൽ ഒന്നാണ്. മികച്ച ലൈബ്രറി സൗകര്യങ്ങൾ പത്രങ്ങൾ മാസികങ്ങൾ എന്നിവയുടെ അഭാവം നാം നേരിടുന്ന പ്രശ്നങ്ങളാണ്.

# പ്രവർത്തനങ്ങൾ

2018 ജൂൺ - അക്ഷരച്ചങ്ങാത്തം

| പരിമിതി | മറികടക്കാനുള്ള പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ | ആവശ്യമായ സമയം |
|---|---|---|---|
| അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ശരിയായ ഉച്ചാരണ രൂപങ്ങൾ എന്നിവയെ കുറിച്ചുള്ള അറിവിന്റെ അഭാവം | അക്ഷരക്കൂട്ടുകൾ ക്രമീകരിച്ച് പദങ്ങൾ തയ്യാറാക്കുക. ഓരോ അക്ഷരങ്ങളുടേയും ചിഹ്നങ്ങളുടേയും അഞ്ചു വീതം രൂപങ്ങൾ വ്യത്യസ്ത അറകളിൽ വെച്ച ശേഷം അവയിൽ നിന്നും പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു. ശരിയായ പദരൂപങ്ങൾ നിർമ്മിക്കുമ്പോൾ ഉച്ചത്തിൽ വായിക്കാനവസരം നൽകുന്നു. ആവശ്യമായ അഭിനന്ദനങ്ങളും പ്രോത്സാഹനവും നൽകി കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്നു. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഉച്ചാരണ രീതി എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നേടുന്നു | ജൂൺ ആദ്യ വാരം 2 മണിക്കൂർ |
| അർത്ഥ ബോധത്തോടെ വാക്യം നിർമ്മിക്കാനുള്ള ധാരണക്കുറവ് | പദങ്ങൾ ക്രമീകരിച്ച് വാക്യങ്ങൾ നിർമ്മിക്കുക. വിവിധ അറകളിൽ തയ്യാറാക്കിവെച്ച പദങ്ങൾ | | |

| | | | |
|---|---|---|---|
| | കുട്ടികൾ എടുക്കുന്നു. രണ്ടുപേരെ വീതം ഒരു ഗ്രൂപ്പാക്കുന്നു. കിട്ടിയ വ്യത്യസ്ത പദങ്ങൾ ഉപയോഗിച്ച് ആവശ്യമായ കൂട്ടി ചേർക്കലോടെ വാക്യം നിർമ്മിക്കാൻ അവസരം നൽകുന്നു. ശരിയായ രൂപങ്ങൾ ബോർഡിൽ പ്രദർശിപ്പിച്ച് കൂട്ടായി വായിക്കാൻ അവസരം നൽകുന്നു. | അർത്ഥ ബോധത്തോടെ വാക്യം നിർമ്മിക്കാനുള്ള ധാരണ ലഭിക്കുന്നു. | ജൂൺ രണ്ടാം വാരം രണ്ടു മണിക്കൂർ |
| ആശയം ഉചിതമായ രീതിയിൽ ക്രമീകരിച്ച് അവതരിപ്പിക്കാനുള്ള പരിചയക്കുറവ് | പരസ്പരം ബന്ധമുള്ള വാക്യങ്ങൾ ക്രമീകരിച്ച് കുറിപ്പെഴുതുക. (ഖണ്ഡിക നിർമ്മാണം) രണ്ടു വിഷയത്തെക്കുറിച്ച് അദ്ധ്യാപകൻ തയ്യാറാക്കിയ പത്തു വീതം വാക്യങ്ങൾ ഇരുപതു കടലാസു ചുരുളുകളായി കുട്ടികൾക്ക് നൽകുന്നു. പരസ്പരം ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പു തിരിയുന്നു. രൂപപ്പെട്ട രണ്ടു ഗ്രൂപ്പുകൾ ഉചിതമായ രീതിയിൽ | ആശയ വ്യക്തതയോടെ ഉചിതമായ രീതിയിൽ ക്രമീകരിച്ച് കുറിപ്പുകൾ തയ്യാറാക്കാനുള്ള ശേഷി നേടുന്നു | ജൂൺ മുതൽ നാല് ആഴ്ച്ചകളിലായി നാലുമണിക്കൂർ |

| | | | |
|---|---|---|---|
| | വാക്യങ്ങൾ ക്രമീകരിച്ച് ഖണ്ഡിക രൂപപ്പെടുത്തുന്നു. മറ്റു വിഷയങ്ങൾ നൽകി കുട്ടികൾ പറയുന്ന വാക്യങ്ങൾ കുറിച്ചിടുക. ക്രമീകരിച്ച് ഖണ്ഡിക നിർമ്മിക്കാൻ ആവശ്യപ്പെടുക | അർത്ഥ ബോധത്തോടെ വാക്യം നിർമ്മിക്കാനുള്ള ധാരണ ലഭിക്കുന്നു. | |

## ഭാഷാലാബ്

| | | | |
|---|---|---|---|
| പഠനത്തോടുള്ള താൽപര്യക്കുറവ് നല്ല മാതൃകകളുടെ അഭാവം, ആത്മവിശ്വാസമില്ലായ്മ, സർഗ്ഗാത്മക കഴിവുകൾ അവതരിപ്പിക്കാനുള്ള അവസരമില്ലായ്മ എന്നിവ | മനോഹരമായി ക്രമീകരിച്ച ഭാഷാപഠനമുറി വ്യത്യസ്ത ഭാഷകളിലെ അക്ഷരമാലകൾ, ചിഹ്നങ്ങൾ എന്നിവ ചുമരിൽ ഒരു വശത്ത് ഭംഗിയായി പ്രദർശിപ്പിക്കുന്നു. മറ്റൊരു ചുമരിൽ സ്ക്രീൻ ക്രമീകരിച്ച് ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ സൗകര്യമൊരുക്കുന്നു. ഒരു ഭാഗത്തെ ചുമരിൽ വൈറ്റ് ബോർഡ് സ്ഥാപിച്ച് കുട്ടികൾക്ക് എഴുതാനും വരയ്ക്കാനുമുള്ള സൗകര്യമൊരുക്കുന്നു. | ആത്മവിശ്വാസം വളർത്തിയെടുത്ത് സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നു. പഠനത്തോട് താൽപര്യം ഉണ്ടാവുന്ന നല്ല മാതൃകകൾ കണ്ടെത്തുന്നു. | ആഴ്ചയിൽ ഒരു മണിക്കൂർ |

| | | | |
|---|---|---|---|
| | ഒരു വശത്ത് സ്റ്റേജിനു സമാനമായി ഒരുക്കിയ സ്ഥലത്ത് അഭിനയ ശേഷി പ്രകടിപ്പിക്കാനുള്ള സാഹചര്യമൊരുക്കുന്നു. സർഗ്ഗാത്മക കഴിവുകൾ അവതരിപ്പിക്കാൻ സാഹചര്യമൊരുക്കുന്നു. | | |
| പുസ്തക വായനയിൽ താൽപര്യമില്ലായ്മ, നല്ല പുസ്തകങ്ങളുടെ ലഭ്യതക്കുറവ് | 1. പുസ്തക പരിചയം : സ്കൂൾ/ക്ലാസ് ലൈബ്രറികളിലെ പുസ്തകങ്ങൾ വായിച്ചവർ ആഴ്ചയിൽ ഒരു പുസ്തകം വീതം ക്ലാസിൽ പരിചയപ്പെടുത്തുന്നു. മികച്ച അവതരണങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | വായനയിൽ താൽപര്യം ജനിക്കുന്നു. നല്ല പുസ്തകങ്ങളെ കുറിച്ച് ധാരണ ലഭിക്കുന്നു. | ആഴ്ച്ചയിൽ 10 മിനിറ്റ് |
| | 2. പുസ്തക ചർച്ച : മാസത്തിൽ ഒന്നോ രണ്ടോ തവണ ഏതെങ്കിലും പുസ്തകത്തെ കുറിച്ച് ചർച്ച സംഘടിപ്പിക്കുന്നു. ഈ അവസരങ്ങളിൽ സാഹിത്യകാരൻമാരെ നേരിൽ കാണാൻ അവസരം ഒരുക്കുന്നു. | ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു, അഭിപ്രായങ്ങൾ തുറന്ന് പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു | മാസത്തിൽ രണ്ട് മണിക്കൂർ |

## എഴുത്ത് കൂട്ടം

| പരിമിതി | മറികടക്കാനുള്ള പ്രവർത്തനം | പ്രതീക്ഷിക്കുന്ന നേട്ടം | ആവശ്യമായ സമയം |
|---|---|---|---|
| സർഗ്ഗാത്മക രചനകൾ നിർവ്വഹിക്കാനും അംഗീകാരം ലഭിക്കാനുമുള്ള അവസരങ്ങളുടെ അഭാവം | വർഷത്തിൽ ഓരോ ക്ലാസ്സിലും ചുരുങ്ങിയത് രണ്ട് കയ്യെഴുത്ത് മാസികകൾ തയ്യാറാക്കുന്നു. മികച്ച രചനകൾ ഉൾപ്പെടുത്തി സ്കൂൾ തല മാഗസിൻ നിർമ്മിക്കുന്നു. എല്ലാ പ്രവർത്തനങ്ങളിലും കുട്ടികളുടെ നേതൃത്വവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നു. | സർഗ്ഗാത്മക രചനകൾ നിർവ്വഹിക്കാനുള്ള കഴിവ് നേടുന്നു. | മാസത്തിൽ 1 മണിക്കൂർ |

## ഓർക്കാം വളരാം

| പരിമിതി | മറികടക്കാനുള്ള പ്രവർത്തനം | പ്രതീക്ഷിക്കുന്ന നേട്ടം | ആവശ്യമായ സമയം |
|---|---|---|---|
| സാഹിത്യകാരൻമാർ കൃതികൾ നവോത്ഥാന ചിന്തകൾ എന്നിവയെ കുറിച്ചുള്ള അറിവിന്റെ അഭാവം | ദിനാചരണങ്ങൾ. ഓരോ മാസവും നടക്കുന്ന ദിനാചരണങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. | സാഹിത്യത്തിൽ താൽപര്യം ജനിക്കുന്നു. മൂല്യങ്ങൾ വളരുന്നു | മാസത്തിൽ 1 മണിക്കൂർ |

# വായിക്കാം വളരാം

| പരിമിതി | മറികടക്കാനുള്ള പ്രവർത്തനം | പ്രതീക്ഷിക്കുന്ന നേട്ടം | ആവശ്യമായ സമയം |
|---|---|---|---|
| പത്രങ്ങൾ മാസികകൾ പുസ്തകങ്ങൾ എന്നിവയുടെ ലഭ്യത കുറവ് | ലൈബ്രറി ശാക്തീകരണം.<br>1. പിറന്നാൾ സമ്മാനം കുട്ടികൾ പിറന്നാൾ സമ്മാനമായി ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകുന്നു.<br>2. ഓർമ്മ പുസ്തക കിറ്റുകൾ<br>പൊതുജന പിന്തുണയോടെ ലൈബ്രറി ശാക്തീകരണത്തിനുള്ള പരിപാടി പ്രിയപ്പെട്ടവരുടെ ഓർമ്മകൾ പുതുക്കാൻ വർഷന്തോറും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തക കിറ്റുകൾ ലഭ്യമാക്കുന്ന പരിപാടി. | ലൈബ്രറി ശക്തിപ്പെടുന്നു. | നിരന്തര പ്രവർത്തനം |

## അടിസ്ഥാന ശാസ്ത്രം (എച്.എസ്)

**ലക്ഷ്യങ്ങൾ**

- ശാസ്ത്ര വിഷയങ്ങളിൽ താൽപര്യമുള്ള തത്വങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിവുള്ളവരാകാൻ കുട്ടികളെ പ്രാപ്തരാക്കുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും അടിസ്ഥാന അറിവുകൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പാക്കാൻ കുട്ടികൾക്ക് കൈത്താങ്ങ് നൽകുക.
- ശാസ്ത്ര അവബോധം ഉറപ്പിച്ച് അന്ധവിശ്വാസങ്ങളെ അകറ്റാൻ പ്രാപ്തരാക്കുക.
- ചുറ്റുപാടും പ്രകൃതിയും നിരീക്ഷിക്കാനുള്ള ശീലമുണ്ടാക്കുക.

**മികവുകൾ**

- സ്കൂളിലെ 8,9 ക്ലാസിലെ ആകെ കുട്ടികൾ 880 പേരാണ്. ഇതിൽ 80 ശതമാനം കുട്ടികളും ഡി പ്ലസിന് മുകളിൽ മാർക്ക് വാങ്ങിയിട്ടുണ്ട്. 40 ശതമാനം കുട്ടികൾ ഡി പ്ലസ് മുകളിലും 10 ശതമാനം കുട്ടികൾ എ പ്ലസ് നിലവാരത്തിൽ ഉള്ളവരാണ്.
- അസൈൻമെന്റ്, പ്രൊജക്ട്, സെമിനാർ എന്നിവ സമയ ബന്ധിതമായി നടത്താറുണ്ട്.
- ക്ലാസ് റൂമിൽ പരീക്ഷണങ്ങൾ നടത്തുകയും നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നുണ്ട്.
- കർഷകരുമായി ചർച്ച നടത്തി, ജൈവകൃഷി ഉണ്ടാക്കുന്നതിനുള്ള ആശയങ്ങൾ നേടാറുണ്ട്.

**പരിമിതികൾ**

- ലാബ് സൗകര്യം കുറവായതിനാൽ ക്ലാസിൽ തന്നെ പരീക്ഷണങ്ങൾ ചെയ്യേണ്ടി വരുന്നു. ഓരോ കുട്ടിക്കും പരീക്ഷണം ചെയ്യാനുള്ള അവസരം ലഭിക്കുന്നില്ല.
- ആഴ്ചയിൽ 2 പീരിയഡ് മാത്രമായതിനാൽ വിഷയത്തിൽ നിന്ന് ഒരു പീരിയഡിൽ നിന്ന് അടുത്ത പീരിയഡിലേക്ക് വരുമ്പോൾ അകന്നു പോകുന്നു.
- ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്താൻ സൗകര്യക്കുറവ്.

**പ്രശ്നപരിഹാരത്തിനായുള്ള (ലക്ഷ്യത്തിലെത്താനുള്ള) പഠന പ്രവർത്തനങ്ങൾ**

I. എളുപ്പത്തിൽ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ചുള്ള ചെറുപരീക്ഷണങ്ങൾ കൂടുതലായി ആസൂത്രണം ചെയ്യുന്നു.

1. ആസിഡുകൾ, ആൽക്കലികൾ, ലിറ്റ്മസ് പേപ്പർ എന്നിവ പ്രാകൃത്യാ ലഭിക്കുന്നവ ശേഖരിച്ച് പരീക്ഷണം ചെയ്യുന്നു.
2. ശബ്ദസ്രോതസ്സുകൾ പലരീതിയിലുള്ളത് ഉണ്ടാക്കി പ്രദർശിപ്പിക്കുന്നു.
3. പാസ്കൽ നിയമത്തിനായി സിറിഞ്ചുകൾ ഉപയോഗിച്ചുള്ള ലഘു പരീക്ഷണങ്ങൾ.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക്, അതത് പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന പീരിയഡിൽ അവസാന 10 മിനിട്ടു നീക്കി വെയ്ക്കുന്നു. ഇവയിൽ മികച്ചത് തിരഞ്ഞെടുത്ത് സയൻസ് ക്ലബ്ബുകളിൽ അവതരിപ്പിക്കുന്നു.

II. ലാബ് സൗകര്യം തീർച്ചയായും ആവശ്യമായ പ്രവർത്തനങ്ങൾ അതത് പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന ആഴ്ചകളിൽ Lunch break ന്റെ സമയം ഗ്രൂപ്പ് തിരിച്ച് ലാബിൽ പ്രവർത്തനങ്ങൾ നടത്തുന്നു.

III. ഐ.സി.ടി. സാധ്യതയുള്ള പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന ആഴ്ചകളിൽ Lunch break ന്റെ സമയങ്ങളും വൈകുന്നേരവും (ഗ്രൂപ്പുകളായി തിരിച്ച് IT Lab ഉപയോഗപ്പെടുത്തുന്നു.)

IV. ശാസ്ത്രത്തിലുള്ള കൗതുകങ്ങൾ ഉണർത്താനായി ചെറുഫാക്ടറികൾ പ്ലാനറ്റേറിയം സന്ദർശനം, ടെലസ്കോപിയിലൂടെയുള്ള വാന നിരീക്ഷണം (കുമ്പള സ്ക്കൂളുമായി സഹകരിച്ച്)

V. ശാസ്ത്ര വിഷയങ്ങളിൽ മികച്ച പ്രകടനം കാണിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് CPCRI, Govt College എന്നീ സ്ഥാപനങ്ങളിലെ പ്രഗൽഭരുടെ ക്ലാസ് അനുയോജ്യമായ ദിവസം സംഘടിപ്പിക്കുക.

VI. രണ്ടാഴ്ചയ്ക്ക് ഒരു പ്രാവശ്യം എന്ന തോതിൽ 4 മണിക്ക് ശേഷം സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുക.

VII. ഓരോ ഒത്തുചേരലിലും ഒരു അന്ധവിശ്വാസവും അതിന്റെ പിന്നിലെ ശാസ്ത്രീയ കാരണത്തിന്റെ വിശദീകരണവും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പരീക്ഷണം ഏറ്റവും നൂതനമായ കണ്ടുപിടിത്തങ്ങൾ അഥവാ ശാസ്ത്ര വാർത്തകൾ എന്നിവയുടെ അവതരണം

ഒരു ശാസ്ത്രജ്ഞന്റെ ജീവചരിത്രം അടുത്തക്ലബ്ബ് മീറ്റിങ്ങിൽ ഏത് പാഠഭാഗവുമായി ബന്ധപ്പെടുത്തിയ പരീക്ഷണങ്ങളായിരിക്കണമെന്നുള്ള ആസൂത്രണം എന്നിവ ഉൾപ്പെടുത്തണം.

VIII. പരിസ്ഥിതി നിരീക്ഷണത്തിനായി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു.

IX. കർഷകരുമായുള്ള ഇന്റർവ്യൂ നടത്തുന്നു. അതിലൂടെ ജൈവ കൃഷി ചെയ്യാനുള്ള നൂതന ആശയങ്ങൾ കൈവരിക്കുന്നു.

X. കാർഷികപ്പതിപ്പ് Class Wise മികച്ചതിനെ കണ്ടെത്തി സമ്മാനം നൽകുന്നു.

XI. കുട്ടികളുടെ വീട്ടിൽ അടുക്കളത്തോട്ടം മികച്ചതാക്കാനും ഗൃഹ സന്ദർശന സമയത്ത് അത് വിലയിരുത്താനും സമയം കണ്ടെത്തുന്നു.

# ഗണിതം (എച്.എസ്)

**Aims**

1. കുട്ടികൾക്ക് ഗണിതത്തിൽ താൽപര്യം ജനിപ്പിക്കുന്നു.
2. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും അടിസ്ഥാന അറിവുകൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
3. ഗണിതമേളകളിൽ പങ്കാളിത്തം ഉറപ്പാക്കാൻ കുട്ടികളെ പ്രാപ്ത രാക്കുന്നു.
4. ചുറ്റുപാടുകളിൽ ഉള്ള ഗണിതം നിരീക്ഷിക്കാനുള്ള ശീലം ഉണ്ടാക്കുക.

**മികവുകൾ**

- ഗണിത ശാസ്ത്രമേളകളിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നു.
- സ്ക്കൂളിലെ ആകെയുള്ള (8,9 ക്ലാസ്) കുട്ടികളിൽ 60 ശതമാനം കുട്ടികളും ഡി പ്ലസ്നു മുകളിൽ മാർക്ക് വാങ്ങിയിട്ടുണ്ട്. 30 ശത മാനം കുട്ടികൾ സി ഗ്രേഡ് നു മുകളിൽ വന്നിട്ടുണ്ട്. 10 ശത മാനം കുട്ടികൾ എ നിലവാരത്തിൽ ഉൾപ്പെടുന്നു.
- Assignment, Project, Seminar, Models എന്നിവ നടത്താറുണ്ട്. Quiz മത്സര ങ്ങൾ സംഘടിപ്പിക്കാറുണ്ട്. Exhibition നടത്താറുണ്ട്.
- പ്രായോഗിക ഗണിത ശാസ്ത്രത്തിൽ പ്രാവീണ്യം നേടുന്നതി നായി Field trip കൾ നടത്താറുണ്ട്.

**പരിമിതികൾ**

- Maths Lab ഇല്ല.
- പ്രാഥമിക ഗണിത ആശയങ്ങൾ ഊട്ടി ഉറപ്പിക്കാത്തതിനാൽ മുന്നോട്ടുള്ള യാത്രയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

**പ്രശ്ന പരിഹാരത്തിനുള്ള പഠന പ്രവർത്തനങ്ങൾ**

- ചതുഷ്ക്രിയകൾ പഠിപ്പിക്കുക.
- അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക.
- ക്ലബ്ബ് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക
- ബേങ്ക് ബിസിനസ്സ് സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുന്നു.
- ഗണിത താൽപര്യം വളർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ നൽകുന്നു (Geometrical Chart, Sonstovein, Motivational classes)
- Trickers of Methametics പരിശീലനം
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് എത്തി ക്കാൻ Extra Classes (Morning Evening Lunch break, Saturday ഗണിത ലാബ് രൂപീകരിക്കുന്നു.

# സാമൂഹ്യശാസ്ത്രം (എച്.എസ്)

**ലക്ഷ്യങ്ങൾ**

- ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുക.
- ചരിത്രപഠനവും ഭൂശാസ്ത്രപഠനവും
- ചരിത്രസ്മാരകങ്ങൾ സന്ദർശനവും ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കലും
- അവകാശങ്ങളും കടമകളും ബോധ്യപ്പെടുത്തൽ
- പൗരബോധം വളർത്തുക
- പാരിസ്ഥിതിക ബോധം
- പാരിസ്ഥിതിക സംരക്ഷണം
- ജൈവവൈവിധ്യ സംരക്ഷണം
- വിജ്ഞാന യാത്രകൾ
- സ്മാർട്ട് ക്ലാസ് റൂമുകൾ
- കലാകായിക പഠനം

**ശേഷികൈവരിച്ചവർ/അല്ലാത്തവർ**

| | | |
|---|---|---|
| 8,9 ക്ലാസുകളിൽ ആകെ നമ്പർ 880 | ശേഷി കൈവരിച്ചവർ 860 | അല്ലാത്തവർ 20 |

**പഠനനിലവാരം കുറയാനുള്ള കാരണങ്ങൾ**

- മുന്നറിവില്ലായ്മ
- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കൾക്ക് അറിവില്ലായ്മ, അവരുടെ സമയക്കുറവ്
- മൊബൈൽ, ടി.വി. ഇവയുടെ അമിത ഉപയോഗം
- All Promotion System (ശേഷി കൈവരിക്കാത്തവരുടെ)
- Irregularity in attendance
- അധ്യാപകരുടെ പരിമിതികൾ
- Social Science Lab, Library, ICT സാധ്യതയുടെ അഭാവം.

# പരിഹാരമാർഗ്ഗങ്ങൾ

## പഠനപ്രവർത്തനങ്ങൾ

- അക്ഷരങ്ങൾ പരിചയപ്പെടുത്തൽ
- കോപ്പിയെഴുതൽ
- വായനവളർത്തുക - കേരള - ഇന്ത്യ - ലോകം - ചെറിയ പുസ്ത കങ്ങളിലൂടെ...
- മഹാന്മാരുടെ ചരിത്രങ്ങൾ
- നവോത്ഥാന നായകന്മാരുടെ മഹത് വചനങ്ങൾ ചാർട്ടിൽ പരി ചയപ്പെടുത്തൽ.
- സ്വാതന്ത്ര്യ സമരത്തിന്റെ ക്ലിപ്പിംഗ് സ്കൂൾ ചരിത്ര സിനിമകൾ ഡയറിക്കുറിപ്പുകൾ പരിചയപ്പെടുത്തൽ.

  ഭൂമിശാസ്ത്ര പഠനത്തിന് ഐ.സി.ടി. സാധ്യതകൾ പരിചയപ്പെടു ത്തിക്കൊണ്ട് ക്ലാസ്സുകൾ, ഫീൽഡ്ട്രിപ്പ്, പുഴയെ അറിയാൻ, മണ്ണ് മഴവയലുകൾ.. അറിയാൻ ജൈവ വൈവിധ്യ ഉദ്യാനം വീട്ടിലുണ്ടാക്കുക.
- ചരിത്രസ്മാരകങ്ങൾ - മുനിയറ കല്ലറ... സന്ദർശനം.
- എല്ലാ ദിവസവും പത്ര വായന പരിചയപ്പെടുത്തൽ.
- രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ.
- Lunch Breakൽ Quiz Compitition പോലുള്ള Work കൾ
- അഭിമുഖങ്ങൾ ഗൃഹസന്ദർശനം സർവ്വേകൾ (ക്ലോക്കുകൾ നിർമ്മിക്കൽ)
- വ്യത്യസ്ഥ രാജ്യങ്ങളുടെ സമയം മനസ്സിലാക്കി Sunclock കൂടാതെ Personality Development Classes മറ്റും, മയക്കുമരുന്ന് എന്നി വയ്ക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ, ദിനാചരണങ്ങ ളുടെ പ്രാധാന്യം മനസ്സിലാക്കൽ, റിപ്പോർട്ട് തയ്യാറാക്കൽ തുട ങ്ങിയവ, മികച്ച വിദ്യാർത്ഥിക്കായി പ്രത്യേക ക്ലാസ്സുകൾ Motiva tion Carrier Guidence etc, Extra Reading References etc.

**സമയം**

Saturday, Morning & Evening, Independance day, Republic Day, Gandhi Jayanthi, Public Holiday etc.

## ഹയർസെക്കന്ററി വിഭാഗം
## ഇംഗ്ലീഷ് (എച്.എസ്.എസ്.)

**ലക്ഷ്യം**

1. ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
5. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.

2017–18 വർഷം പ്ലസ് വൺ ക്ലാസിൽ ആകെ 166 കുട്ടികളാണ് ഉള്ളത്. അർദ്ധവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ താഴെ കാണിച്ച രീതിയിൽ കുട്ടികളെ വേർത്തിരിക്കാവുന്നതാണ്.

| | |
|---|---|
| നിശ്ചിത ശേഷി കൈവരിച്ചവർ | - 151 |
| വേണ്ട ശേഷി കൈവരിക്കാത്തവർ | - 15 |
| ആകെ | - 166 |

നിശ്ചിത ശേഷി കൈവരിച്ചവരിൽ 20 കുട്ടികൾ എ പ്ലസ് നിലവാരത്തിലും 15 കുട്ടികൾ 4 നിലവാരത്തിലും ബാക്കി ബി.സി. ഡി പ്ലസ് നിലവാരത്തിലും ഉള്ളവരാണ്.

**കാരണങ്ങൾ**

കുട്ടികൾ നിശ്ചിത നിലവാരത്തിൽ/ഉന്നത നിലവാരത്തിൽ/ തുല്യത കൈവരിക്കാതിരിക്കാൻ താഴെ സൂചിപ്പിച്ച കാരണങ്ങളാണ് ഞങ്ങൾ കണ്ടെത്തിയത്.

1. തുടർച്ചയായി ക്ലാസ്സിൽ ഹാജരാവാത്ത കുട്ടികൾ അതുപോലെ ക്ലാസ്സിൽ വൈകി വരുന്ന കുട്ടികൾ.
2. രക്ഷാകർത്താക്കളുടെ ഇടപെടലിന്റെ അഭാവം.
3. പഠന താൽപര്യവും വായനാശീലവും കുറഞ്ഞ കുട്ടികൾ.
4. മൊബൈൽ, ടി.വി. എന്നിവയുടെ ഒരുപാടുപയോഗം.

**പ്രവർത്തനങ്ങൾ**

1. നിലവാരം കൈവരിക്കാത്ത വിദ്യാർത്ഥികളുള്ള രക്ഷകർത്താക്കളെ

2. കുട്ടികളെ പ്രത്യേകം ഇരുത്തി പാഠഭാഗങ്ങൾ വായിക്കുവാനും പാഠ്യ പ്രവർത്തനങ്ങൾ ചെയ്യുവാനും സഹായിക്കുക.

3. നിലവാരം കൈവരിക്കാത്ത കുട്ടികളുള്ള രക്ഷാകർത്താക്കളെ രണ്ടാഴ്ച്ചയിൽ ഒരിക്കൽ ഫോണിൽ ബന്ധപ്പെടുക.

4. പി.ടി.എ യോഗത്തിൽ (മാസംതോറുമുള്ള) പങ്കെടുക്കാത്ത രക്ഷാ കർത്താക്കളെ വീടുകളിൽ വന്ന് ബോധവൽക്കരിക്കുക.

5. ദിവസേന ഇംഗ്ലീഷ് പിരീഡിന്റെ ആദ്യത്തെ 15 മിനിറ്റ് ഇത്തരം വിദ്യാർത്ഥിയെ കൊണ്ട് ഉറക്കെ വായിപ്പിക്കുകയും വേണ്ട തിരു ത്തലുകൾ വരുത്തുകയും ചെയ്യുക.

6. മൊബൈൽ, ടി.വി എന്നിവയുടെ ദുരുപയോഗത്തെക്കുറിച്ച് കുട്ടി കളെയും രക്ഷിതാക്കളെയും ബോധവൽക്കരിച്ച് ദുരുപയോഗം പൂർണ്ണമായും ഇല്ലാതാക്കാൻ ശ്രമിക്കുക.

7. ഓരോ ടീമിലും ഓരോ ശനിയാഴ്ച്ച കണ്ടെത്തി ഇംഗ്ലീഷ് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കാനും തീരുമാനിക്കണം.

8. ഇംഗ്ലീഷ് പത്രം ഓരോ ക്ലാസ്സിലും ഓരോന്നുവീതം ലഭ്യമാക്കും. കൂടാതെ ചില പാഠഭാഗങ്ങളുടെ അടിസ്ഥാനത്തിൽ പത്രനിർമ്മാ ണവും സംവരണവും നടത്തണം.

# ഹിന്ദി

**ലക്ഷ്യം**

ഹിന്ദിയിൽ ആത്മവിശ്വാസത്തോടെ സംസാരിക്കാനും ആശയ വിനിമയശേഷി കൈവരിക്കാനും വിവിധ സന്ദർഭങ്ങളിൽ ഭാഷാപ്രയോ ഗശേഷി കൈവരിക്കാനും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

2017–18ലെ അർദ്ധവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ പഠനശേഷി കൈവരിച്ചവർ. കൈവരിക്കാത്തവർ എന്നിങ്ങനെ രണ്ടായി തിരിക്കാം. ഇതിൽ പഠനശേഷി കൈവരിച്ച കുട്ടികൾ ഏകദേശം 126. കൈവരിക്കാത്ത കുട്ടികൾ ഏകദേശം 3. ഇവരുടെ പഠനശേഷി മെച്ചപ്പെടുത്താൻ വേണ്ടി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**പ്രവർത്തനങ്ങൾ**

പീരിഡിലെ ആദ്യത്തെ 15 മിനിറ്റ് പാഠഭാഗങ്ങൾ വായിക്കാൻ അവസരം നൽകും.

ലൈബ്രറി പുസ്തകങ്ങൾ പരമാവധി വായിക്കാനുള്ള അവസരം നൽകും. ലൈബ്രറി പുസ്തകങ്ങൾ വെള്ളിയാഴ്ച്ച ദിവസങ്ങളിൽ നൽകി തിങ്കളാഴ്ച്ച അതിനെപറ്റിയുള്ള ആസ്വാദന കുറിപ്പ് എഴുതാൻ അവസരം നൽകും.

പ്രയോഗം, ആസ്വാദന കുറിപ്പ്, കവിതാലാപനം, കഥാസ്വാദനം തുടങ്ങിയ പ്രക്രിയകൾക്ക് അവസരം നൽകും. ആഴ്ചയിൽ ഒരു ദിവസം ഇതിനായി ഉപയോഗിക്കാം.

ഏതൊരു വിഷയത്തിനെയും അടിസ്ഥാനമാക്കി ചെറിയ അവതരണം അവതരിപ്പിക്കാൻ ഉള്ള അവസരം നൽകും. ആഴ്ച്ചയിൽ രണ്ടു ദിവസമെങ്കിലും നടത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

ചർച്ചകൾ, സംവാദം തുടങ്ങിയ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

കൈവരിച്ച ശേഷി വിലയിരുത്താനായി ഓരോ പാഠഭാഗത്തെയും വിശ്ലേഷണം ചെയ്ത് പരീക്ഷകൾ ആസൂത്രണം ചെയ്യും. Objective, Short Answer, Essay type എന്നിങ്ങനെ വിവിധ തരത്തിലുള്ള പരീക്ഷകൾ ആസൂത്രണം ചെയ്യും.

ഭാഷാ ക്ലബ്ബ് രൂപീകരിച്ച് വിവിധ പരിപാടികൾ അവതരിപ്പിക്കും. Essay തുടങ്ങിയ കാര്യങ്ങൾ ഹിന്ദിയിൽ അവതരിപ്പിക്കാൻ അവസരം നൽകും.

# ಕನ್ನಡ ಭಾಷೆ

**ಉದ್ದೇಶಗಳು**

- ಭಾಷಾ ಕಲಿಕೆಯಲ್ಲಿ ಹಿಂದುಳಿದ ವಿದ್ಯಾರ್ಥಿಗಳನ್ನು ಗುರುತಿಸಿ ಅವರಿಗೆ ಕಲಿಕೆಯಲ್ಲಿ ಪ್ರತ್ಯೇಕ ಚಟುವಟಿಕೆಗಳನ್ನು ನೀಡುವುದು.
- ಸಾಮಾನ್ಯ ಹಾಗೂ ಪ್ರತಿಭಾವಂತ ವಿದ್ಯಾರ್ಥಿಗಳಲ್ಲಿ ಭಾಷಾ ಉದ್ದೇಶಗಳನ್ನು ಈಡೇರಿಸುವುದಕ್ಕಾಗಿ ಕತೆ, ಕವಿತೆ, ನಾಟಕ, ಆತ್ಮಕಥನ, ಜೀವನಚರಿತ್ರೆ, ದಿನಚರಿ, ಪ್ರವಾಸಕಥನ ಇವೇ ಮೊದಲಾದವುಗಳ ರಚನೆಗಳ ಮೂಲಕ ಸಾಹಿತ್ಯಾಭಿರುಚಿಯನ್ನು ಉಂಟುಮಾಡುವುದು.
- ವಿದ್ಯಾರ್ಥಿಗಳನ್ನು ಉಚ್ಚಾರ ತಪ್ಪಿಲ್ಲದೆ ಮಾತನಾಡುವಂತೆಯೂ ಓದುವಂತೆಯೂ ಅಕ್ಷರ ತಪ್ಪಿಲ್ಲದೆ ಬರೆಯುವಂತೆಯೂ ವ್ಯಾಕರಣಬದ್ಧವಾಗಿ ವ್ಯವಹರಿಸುವಂತೆಯೂ ತರಬೇತಿ ನೀಡುವುದು.

**ಕಾರಣಗಳು**

- ಅರ್ಥಪೂರ್ಣವಾದ ಭಾಷಾ ನಿರ್ಮಾಣದಲ್ಲಿ ಕವಿತೆ ಸಾಗುವುದಿಲ್ಲ.
- ತರಗತಿಯಲ್ಲಿ ಮೌಲ್ಯನಿರ್ಣಯ ಪರೀಕ್ಷೆಯನ್ನು ನಡೆಸಿದಾಗ ಹಲವು ಮಕ್ಕಳಲ್ಲಿ ಕನ್ನಡ ವರ್ಣಮಾಲೆಯ ಅಕ್ಷರಗಳನ್ನು ಗುರುತಿಸಿ ಬರೆಯಲು ಕಷ್ಟವಾದ ಮಕ್ಕಳನ್ನು ಕಂಡುಕೊಳ್ಳಲಾಯಿತು.
- ಕನ್ನಡ ಭಾಷೆಯ ಪದ-ಪದದರ್ಥ, ವಾಕ್ಯರಚನೆ, ವ್ಯಾಕರಣಬದ್ಧತೆ ಹಾಗೂ ಕನ್ನಡದ ವಿವಿಧ ಸಾಹಿತ್ಯ ಪ್ರಕಾರಗಳನ್ನು ಗುರುತಿಸಿ ತಿಳಿಯಲು ಮತ್ತು ರಚಿಸಲು ಕಷ್ಟಕರವಾಗುತ್ತದೆ ಎಂಬ ತಿಳುವಳಿಕೆ.
- ಪ್ಲಸ್ ವನ್ ತರಗತಿಯ ಕನ್ನಡ ಭಾಷಾ ಕಲಿಕೆಯ(2017-18) 35 ವಿದ್ಯಾರ್ಥಿಗಳಲ್ಲಿ ಸಾಮಾನ್ಯ 10 ವಿದ್ಯಾರ್ಥಿಗಳಿಗೆ ಸರಿಯಾಗಿ ಓದು ಬರಹ ತಿಳಿದಿಲ್ಲ ಎಂಬ ಮನವರಿಕೆ.

**ಚಟುವಟಿಕಾ ಪದ್ಧತಿ**

- ಭಾಷೆಯೇ ಮನುಷ್ಯನನ್ನು ಇತರ ಜೀವಿಗಳಿಗಿಂತ ಬುದ್ಧಿವಂತ ಎಂದು ಪ್ರತ್ಯೇಕಿಸಲು ಕಾರಣವಾದ ಮೂಲ ವಿಷಯ ಭಾವನೆಗಳನ್ನು ಸಂಸ್ಕೃತಿಯನ್ನು ಪರಂಪರೆಯಿಂದ ಪರಂಪರೆಗೆ ವಿನಿಮಯ ಮಾಡಿಕೊಳ್ಳಲು ಭಾಷೆ ಅತ್ಯಗತ್ಯ. ಆದುದರಿಂದ ಭಾಷಾ ಕಲಿಕೆಯಲ್ಲಿ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಪೂರಕ ಪರೀಕ್ಷೆಗಳನ್ನು ನಡೆಸಿ ಹಿಂದುಳಿದ ವಿದ್ಯಾರ್ಥಿಗಳನ್ನು ಕಂಡುಕೊಂಡು ಅವರಿಗೆ ಸಮಸ್ಯಾ ಪರಿಹಾರ ಕೌಶಲಗಳನ್ನು ಬೆಳೆಸುವುದು.
- ಅಭಿವ್ಯಕ್ತಿ ಪ್ರಕಟಣೆಯೇ ಭಾಷೆಯ ಮೂಲ ಉದ್ದೇಶವಾದುದರಿಂದ ಸಚಿತ್ರ ಬರಹದ ಮೂಲಕ ವಿದ್ಯಾರ್ಥಿಗಳನ್ನು ತರಗತಿಯಲ್ಲಿ ಓದುವಂತೆ ಪ್ರೇರೇಪಿಸುವುದು.
- ಭಾಷಾ ಕಲಿಕೆಗೆ ಅಗತ್ಯವಾದ ಪುಸ್ತಕಗಳನ್ನು ವಾಚನಾಲಯಗಳಿಗೆ ಒದಗಿಸುವಂತೆ ಸಂಘಸಂಸ್ಥೆ ಕನ್ನಡದ ಸಂಘಟನೆಗಳ ಸಹಾಯ ಪಡೆದುಕೊಳ್ಳುವುದು.
- ತರಗತಿಯಲ್ಲಿ ಸಾಹಿತ್ಯರಚನಾ ಕಮ್ಮಟಗಳನ್ನು ಏರ್ಪಡಿಸಿ ಪ್ರೋತ್ಸಾಹ ನೀಡುವುದು.
- ದಿನಪತ್ರಿಕೆ ಓದು ಹಾಗೂ ಹೆಕ್ಕಿ ಮತ್ತು ಮಾತನಾಡಿ ಚರ್ಚೆ, ವಿಚಾರ ಸಂಕಿರಣ ಎಂಬತ್ಯಾದಿ ಚಟುವಟಿಕೆಗಳ ಮೂಲಕ ಭಾಷಾ ಕೌಶಲಗಳನ್ನು ಬೆಳೆಸುವುದು.
- ದಿನಚರಿಯಿಂದ ಆರಂಭಿಸಿ ವಿವಿಧ ಸಾಹಿತ್ಯ ಪ್ರಕಾರಗಳ ಮೂಲಕ ರಚನಾ ಕೌಶಲಗಳನ್ನು ಬೆಳೆಸುವುದು.
- ಹಾಡು ಅಂತ್ಯಾಕ್ಷರಿ ಮತ್ತು ಭಾಷಾ ಆಟಗಳ ಮೂಲಕ ಪದ ಭಂಡಾರವನ್ನು ಹೆಚ್ಚಿಸುವುದು.
- ಕೋಪಿ ಬರೆಸುವುದು, ಉಕ್ತಲೇಖನ ಬರೆಸುವುದು, ಅರ್ಥ ಬರೆಸುವುದು, ವಿರೋಧ ಪದ ಬರೆಸುವುದು.

- ಈ ಮೂಲಕ ಕನ್ನಡ ವರ್ಣಮಾಲೆಯ ಅಕ್ಷರಗಳನ್ನು ತಪ್ಪಿಲ್ಲದೆ ಬರೆಯುವಂತೆ ಗುರುತಿಸಿ ಬರೆಯುವಂತೆ ಪ್ರೇರೇಪಿಸುವುದು.

- ಕನ್ನಡ ಸಾಹಿತ್ಯ ಸಮ್ಮೇಳನಗಳಲ್ಲಿ ಭಾಗವಹಿಸುವಂತೆಯೂ ಸಾಹಿತ್ಯಗಾರರ ಪರಿಚಯ ಮಾಡುವಂತೆಯೂ ಪ್ರೇರೇಪಿಸಿ ಭಾಷಾಭಿಮಾನವನ್ನು ಉಂಟುಮಾಡುವುದು.
- ತಂತ್ರಜ್ಞಾನವನ್ನು ಬಳಸಿ ಕನ್ನಡಪರ ಪ್ರದರ್ಶನ ಕಲೆಗಳನ್ನು ಪರಿಚಯಿಸುವ ಮೂಲಕ ಭಾಷಾ ಬೆಳವಣಿಗೆ ಹಾಗೂ ಭಾಷಾಭಿಮಾನವನ್ನು ಉಂಟುಮಾಡುವುದು.
- ಭಾಷೆಗೆ ಸಂಬಂಧಿಸಿದ ವಿವಿಧ ಚಟುವಟಿಕೆಗಳನ್ನು ತರಗತಿಯಲ್ಲಿ ನಡೆಸಿ ವಿದ್ಯಾರ್ಥಿಗಳಲ್ಲಿ ಸ್ವ ಮೌಲ್ಯಮಾಪನಕ್ಕೆ ಅವಕಾಶವನ್ನು ಉಂಟುಮಾಡುವುದು.

## ഗണിതം (എച്.എസ്.എസ്.)

പരീക്ഷാഫലം - ടേം - 2 ക്ലാസ് : പ്ലസ് വൺ സയൻസ്

| ആകെ കുട്ടികൾ | നിലവാരം കൈവരിച്ചവർ | | | | | നിലവാരം കൈവരിക്കാത്തവർ |
|---|---|---|---|---|---|---|
| | ആകെ | A | B | C | D | |
| 104 | 83 | 18 | 21 | 17 | 27 | 21 |

**പരിമിതികൾ**

1. നിരന്തര മൂല്യനിർണ്ണയം ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടില്ല.
2. ആവശ്യമായ ഐ.സി.ടി. വിഭവങ്ങൾ ലഭ്യമല്ല.
3. നിലവാരം കൈവരിക്കാത്ത കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല.
4. ദൃശ്യ, ശ്രാവ്യ ഉപകരണങ്ങളുടെ അപര്യാപ്തത.
5. ഡയഗ്നോസ്റ്റിക് ടെസ്റ്റ് നടത്താനുള്ള സമയ കറവ്.

**ലക്ഷ്യങ്ങൾ**

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ക്ലബ്ബ് പ്രവർത്തനം മെച്ചപ്പെടുത്തുക.
6. ഗണിത സെമിനാറുകൾ നടത്തുക.
7. ഗണിത മാഗസിൻ തയ്യാറാക്കുക.
8. ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തുക.

9. ഗണിത പഠന താൽപര്യം വളർത്തുക

10. കൃത്യത, സൂക്ഷ്മത, ചിട്ട മുതലായ ഗുണങ്ങൾ വളർത്തുക.

11. വിദ്യാർത്ഥികളിൽ യുക്തിചിന്ത, വിവേചന ശേഷി മുതലായവ വളർത്തുക.

12. അന്വേഷണ തൃഷ്ണയും നിരീക്ഷണ പാടവവും വളർത്തുക.

13. ഉന്നത പഠനത്തിനും ഗവേഷണത്തിനും സജ്ജരാക്കുക.

14. ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട തൊഴിലുകൾ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിന് സജ്ജരാക്കുക.

**പ്രശ്ന വിശകലനം**

1) ഗണിതശാസ്ത്രത്തിൽ താൽപര്യ കുറവ്

| കാരണം | പരിഹാര പ്രവർത്തനം | സമയം |
|---|---|---|
| വിരസവും കഠിനവുമായ വിഷയമായാണ് കുട്ടികൾ കണക്കിനെ കാണുന്നത് | നൂതനമായ ബോധന മാർഗ്ഗങ്ങൾ സ്വീകരിക്കണം. ഗവേഷണ രീതി ബോധനത്തിൽ ഉൾപ്പെടുത്തണം. പരീക്ഷണശാലകൾ ഗണിതശാസ്ത്ര ക്ലാസ്സുകളിൽ താൽപര്യം ജനിപ്പിക്കാൻ സഹായകമാവും. വിദ്യാലയ ഗ്രന്ഥശാലയോടനുബന്ധിച്ച് ഗണിതശാസ്ത്രത്തിന് ഒരു പ്രത്യേക വിഭാഗമുണ്ടെങ്കിൽ ഗണിതശാസ്ത്രത്തിൽ താൽപര്യം വളർത്താൻ സഹായകമാവും. കണക്കിലെ കടംകഥകൾ ക്ലാസ്സിൽ രസകരമായി അവതരിപ്പിക്കണം. | നിരന്തരം |

| 2) ഗണിതക്രിയകൾ ചെയ്യുന്നതിനുള്ള അവഗാഹം കുറവ് | | |
|---|---|---|
| **കാരണം** | **പരിഹാര പ്രവർത്തനം** | **സമയം** |
| ചതുഷ്ക്രിയകൾ സൂക്ഷ്മമായി ചെയ്യാൻ കഴിയാത്തത്.<br><br>പ്രായോഗിക തത്വങ്ങൾ ശരിയായി അറിയാത്തത്. | സൂക്ഷ്മത വർദ്ധിപ്പിക്കാൻ ആദ്യമായി ചെയ്യേണ്ടത് പട്ടികൾ ഹൃദിസ്ഥമാക്കുകയാണ്. ഗണിതശാസ്ത്രത്തിലെ അടിസ്ഥാന തത്വങ്ങൾ ആശയഗ്രഹണത്തോടെ ഹൃദിസ്ഥമാക്കാനുള്ള പ്രവർത്തനങ്ങൾ | നിരന്തരം |

## രസതന്ത്രം (എച്.എസ്.എസ്)

### രസതന്ത്ര പഠനത്തിന്റെ ലക്ഷ്യങ്ങൾ

1. ശാസ്ത്രത്തോടുള്ള താൽപര്യം വളർത്തുക.
2. രസതന്ത്രം നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന പ്രാധാന്യത്തെകുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക.
3. ശാസ്ത്രാവബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക.
4. രസതന്ത്ര പഠനത്തിലൂടെ കുട്ടികളെ ശാസ്ത്രത്തോടും പ്രകൃതിയോടും കൂടുതൽ ഇണക്കി ചേർക്കുക.
5. രസതന്ത്ര പഠനത്തിലൂടെ കുട്ടികൾക്ക് നൂതന ആശയങ്ങൾ പരിചയപ്പെടുത്തി കൊടുക്കുന്നതിനോടൊപ്പം നിത്യ ജീവിതത്തിൽ ഉപയോഗപ്പെടുത്താൻ അവരെ പ്രാപ്തരാക്കുക.

### പഠന നിലവാരം (ക്ലാസ്സ് വിശകലനം)

11-ാം ക്ലാസ്സിൽ ആകെ കുട്ടികൾ – 104

| ആകെ കുട്ടികൾ | നിലവാരം കൈവരിച്ചവർ | നിലവാരത്തിൽ എത്താത്തവർ |
|---|---|---|
| 104 | 58 | 46 |

ആകെ കുട്ടികളിൽ പകുതിയിലധികം കുട്ടികളും ശരാശരി നിലവാരത്തിലും മുകളിലാണ്.

മെച്ചപ്പെട്ട നിലവാരത്തിൽ എത്താത്തതിന്റെ കാരണങ്ങൾ

1. ഭാഷാ പഠനം
2. മുന്നറിവുകൾ ഇല്ലാത്തത്
3. നേരത്തെ പഠിച്ച ആശയങ്ങളെ ഓർത്തെടുക്കുന്നതിനുള്ള പോരായ്മ.
4. സാമൂഹികം, സാംസ്കാരികം, സാമ്പത്തികം എന്നിവയിലുള്ള കുട്ടികളുടെ പിന്നോക്കാവസ്ഥ.

5. ടി.വി. മൊബൈൽ പോലെയുള്ള സാങ്കേതിക വിദ്യയുടെ അമിത ഉപയോഗം.

6. പുസ്തക വായന പഠനകുറിപ്പുകൾ തയ്യാറാക്കൽ എന്നിവയി ലുള്ള പോരായ്മ.

**കുട്ടികളുടെ പഠന നിലവാരം എങ്ങനെ മെച്ചപ്പെടുത്താം.**

1. പിന്നോക്കം നിൽക്കുന്ന കുട്ടികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക.

2. വിദ്യാഭ്യാസത്തിന്റെയും ശാസ്ത്ര പഠനത്തിന്റെയും പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.

3. നിലവാരത്തിൽ എത്താത്ത കുട്ടികൾക്ക് അധിക ക്ലാസ്സ് നൽകുക.

4. അധിക ക്ലാസ്സ് നൽകുന്നതിലൂടെ പാഠഭാഗത്തിന്റെ പ്രധാന ആശയങ്ങൾ ഏറ്റവും ലളിതമാക്കിയും ലഘൂകരിച്ചും കുട്ടി കളെ മുന്നിരയിൽ എത്തിക്കുക.

5. മുൻ വർഷങ്ങളിലെ ചോദ്യ പേപ്പറുകളുടെ നിരന്തര അവലോക നം.

6. ശാസ്ത്ര രംഗത്ത് ചെറിയ ചെറിയ കണ്ടുപിടിത്തങ്ങൾ നട ത്തിയ വ്യക്തികളെ സ്കൂളിലേക്ക് ക്ഷണിക്കുകയും കുട്ടികളു മായി സമ്പർക്കം നടത്താനുള്ള അവസരം കൊടുക്കുകയും ചെയ്യാം.

7. നിലവാരത്തിൽ എത്താത്ത കുട്ടികൾക്ക് വേണ്ടി പ്രത്യേക ലഘൂകരിച്ച നോട്ടുബുക്കുകൾ തയ്യാറാക്കുക.

8. ക്ലാസ്സ് റൂമുകളിൽ ചെറിയ ചെറിയ പരീക്ഷണങ്ങൾ നടത്തുന്ന തിലൂടെ കുട്ടികളിൽ ശാസ്ത്രപഠനത്തോടുള്ള താൽപര്യം ഉണ്ടാക്കിയെടുക്കാവുന്നതാണ്.

## ഊർജ്ജതന്ത്രം (എച്.എസ്.എസ്)

**ഭൗതിക ശാസ്ത്ര പഠനത്തിന്റെ ലക്ഷ്യങ്ങൾ**

1. കുട്ടികളിൽ ശാസ്ത്ര ബോധം ഉണ്ടാക്കിയെടുക്കു.
2. മാറുന്ന കാലത്തിനനുസരിച്ച് മാറ്റങ്ങളെ മനസ്സിലാക്കാനും പുതിയ കണ്ടുപിടിത്തങ്ങളെ കുറിച്ച് മനസ്സിലാക്കുന്നതിനും പ്രവർത്തന രീതികളെ പെട്ടെന്നു പഠിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക.
3. ശാസ്ത്ര ബോധനത്തിലൂടെ യുക്തിസഹമായി ചിന്തിക്കുവാനും കാര്യകാരണ ബന്ധങ്ങളെ കുറിച്ചുള്ള അറിവ് ഉണ്ടാക്കുന്നതിനും സഹായിക്കുക.
4. നിലവിലുള്ള ശാസ്ത്ര പുരോഗതി വിലയിരുത്താനും പുരോഗതി വർദ്ധിപ്പിക്കുന്നതിന് അവരുടെ പങ്ക് എന്താണ് എന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുക.
5. പ്രകൃതിയെയും പ്രകൃതിയെ കുറിച്ചുമുള്ള പഠനമാണ് ഊർജ്ജതന്ത്രം എന്നറിയുക.

**പഠന നിലവാരം**

ആകെ കുട്ടികൾ - 104

നിലവാരം കൈവരിച്ചവർ - 53

നിലവാരത്തിൽ എത്താത്തവർ - 51

പകുതിയിലധികം കുട്ടികൾ ശരാശരി നിലവാരത്തിനു മുകളിലാണ്.

**മെച്ചപ്പെട്ട നിലവാരത്തിൽ എത്താത്തതിന്റെ കാരണങ്ങൾ**

1. ക്ലാസ്സിൽ കുട്ടികളുടെ എണ്ണം.
2. ഭൗതിക ശാസ്ത്ര പഠനത്തോടുള്ള താൽപര്യം ഇല്ലായ്മ.
3. ഭാഷാമാധ്യമം മലയാളം/കന്നഡയിൽ നിന്ന് ഇംഗ്ലീഷിലേക്കുള്ള മാറ്റം.
4. വിഷയത്തിലുള്ള മുന്നറിവിന്റെ കുറവ്.
5. ന്യൂമറിക്കൽ എബിലിറ്റി പല കുട്ടികൾക്കും ഇല്ല എന്ന ന്യൂനത.

6. ലാബ് എക്സ്പരിമെന്റ് ചെയ്യുന്നതിനുള്ള കഴിവില്ലായ്മ. വായനയുടെയും അധികവായനയുടെയും കുറവ്.

7. വിദ്യാഭ്യാസത്തെ കുറിച്ചുള്ള വികലമായ കാഴ്ച്ചപ്പാട് (ജോലി നേടുന്നതിന് മാത്രമുള്ള വിദ്യാഭ്യാസം എന്നത്)

**പ്രശ്ന പരിഹാരമാർഗ്ഗം**

1. ഓരോ ക്ലാസ്സിലും കുട്ടികളുടെ എണ്ണം 3 ആയി പരിമിതപ്പെടുത്തുക. എന്നാൽ ഓരോ കുട്ടികളെയും പ്രത്യേകം പ്രത്യേകം ശ്രദ്ധിക്കാം.

2. സബ്ജെക്ടിൽ താൽപര്യം ഉണർത്താനുള്ള രസകരമായ കാര്യങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുക. ശാസ്ത്രകാരൻമാരുടെ ജീവിത കഥകൾ അവരുടെ പരീക്ഷണങ്ങളെ കുറിച്ച് അവതരിപ്പിക്കുക.

3. ശാസ്ത്ര ഗ്യാലറി, സി.ഡി. ലൈബ്രറി, ലൈബ്രറി, വീഡിയോകൾ, പവർപോയിന്റ് പ്രസെന്റേഷനുകൾ എന്നിവ തയ്യാറാക്കുക.

4. ശാസ്ത്ര പഠന ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുക.

5. ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുക.

6. ശാസ്ത്ര ക്വിസ്കൾ, ശാസ്ത്ര മേളകൾ എന്നിവ നടത്തുക.

7. ലാബിൽ ചെയ്യുന്ന പരീക്ഷണങ്ങൾ ക്ലാസ് മുറികളിൽ സജ്ജമാക്കി ആ കോൺസെപ്റ്റ് പഠിപ്പിക്കുന്നതിനോടൊപ്പം തന്നെ ചെയ്യിക്കുവാനും റിക്കോർഡ് ചെയ്യാനുമുള്ള സംവിധാനം ഒരുക്കുക.

8. കുട്ടികൾക്ക് വേണ്ടി ലഘൂകരിച്ച നോട്ടുകൾ തയ്യാറാക്കി അത് അവരെ പഠിപ്പിക്കുക.

# ബയോളജി (ബോട്ടണി & സുവോളജി)
# (എച്.എസ്.എസ്)

**പൊതു ലക്ഷ്യങ്ങൾ**

1. ശാസ്ത്ര പഠനത്തിനുള്ള താൽപര്യം വളർത്തുക.
2. പ്രകൃതിയേയും ജീവജാലങ്ങളെയും അറിയുവാനും അവയെ സംരക്ഷിക്കുവാനും ഉള്ള ബോധം ഉണ്ടാക്കിയെടുക്കുക.
3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും സമൂഹത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി അവരെ പ്രവർത്തിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക.
4. ആരോഗ്യ രംഗത്തെ പുതിയ പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ച് ബോധവാന്മാരാക്കി രോഗവിമുക്ത കേരളം എന്ന സങ്കൽപ്പം സൃഷ്ടിക്കുക.

**11-ാം ക്ലാസിലെ കുട്ടികളുടെ നിലവാരം**

11-ാം ക്ലാസിൽ ആകെയുള്ള 104 കുട്ടികളിൽ നിലവാരം കൈവരിച്ചവരുടെ എണ്ണം 78. 26 കുട്ടികൾ ശരാശരി നിലവാരത്തിലും താഴെയുള്ളവരാണ്.

**നിലവാരത്തിൽ എത്തപ്പെടാത്തവരുടെ പരിമിതികൾ**

1. ഭാഷാ പ്രശ്നം
2. മുന്നറിവുകൾ ഇല്ലാത്തത്.
3. വായനശീലത്തിന്റെ കുറവ്
4. സാമൂഹികവും സാമ്പത്തികയും സാംസ്കാരികവുമായുള്ള പിന്നോക്കാവസ്ഥ.
5. ഇലക്ട്രോണിക് ഉപകരണങ്ങളുടെ അമിത ഉപയോഗം.

**പരിമിതികളെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ**

1. പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ ബോധവൽക്കരിക്കൽ.

2. നിലവാരത്തിൽ എത്താത്തവർക്ക് തെരെഞ്ഞെടുത്ത ദിവസങ്ങളിൽ രമഡിയൽ ക്ലാസ്സ് നടത്തൽ.

3. സങ്കീർണതയുള്ള പാഠഭാഗങ്ങൾക്ക് പ്രത്യേക ലളിതമായ കുറിപ്പുകൾ തയ്യാറാക്കി നിലവാരം ഉയർത്തൽ.

4. ലളിതമായ പഠന പ്രവർത്തനങ്ങൾ വഴി പാഠഭാഗം മനസ്സിലാക്കികൊടുക്കൽ.

5. ഐ.സി.ടി ഉപയോഗിച്ചുള്ള പഠന രീതികൾ ക്ലാസ്സ് മുറികളിൽ നടപ്പിലാക്കൽ

6. കാർഷിക രംഗത്തും ജീവശാസ്ത്ര രംഗത്തും ഉന്നത നേട്ടം കൈവരിച്ചവരെ സ്കൂളിലേക്ക് ക്ഷണിക്കുകയും കുട്ടികളെ അവരുമായി സംവദിക്കുവാൻ അവസരം ഒരുക്കൽ.

7. ഉദ്യാന നിർമ്മാണം, ഔഷധ തോട്ട നിർമ്മാണം, പരിസ്ഥിതി പഠനയാത്രകൾ എന്നിവയിൽ കുട്ടികളെ സജീവമായി പങ്കെടുപ്പിക്കുകയും ജീവശാസ്ത്രത്തോട് അവരെ കൂടുതൽ അടുപ്പിക്കുകയും ചെയ്യുക.

8. നിരന്തര മൂല്യ നിർണ്ണയം കാര്യക്ഷമമാക്കുക.

9. ഓരോ യൂണിറ്റ് പൂർത്തിയാക്കുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.

## കോമേഴ്സ്
## (എച്.എസ്.എസ്)

**ലക്ഷ്യങ്ങൾ**

1. കോമേഴ്സുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവഗാഹം സൃഷ്ടിക്കൽ.
2. ബിസിനസ്സ് പരിസ്ഥിതി നേരിട്ട് കണ്ട് മനസ്സിലാക്കി അനുഭവത്തിലൂടെയുള്ള പഠനം.
3. ഭാവിയിൽ കോമേഴ്സുമായി ബന്ധപ്പെട്ട തൊഴിൽ സാധ്യതകൾ മനസ്സിലാക്കിച്ച് കൊടുക്കുക.
4. ബിസിനസ്സ് മേഖലയിലേക്ക് നേരിട്ടുള്ള പ്രവേശന പ്രാപ്തി ഉണ്ടാക്കുക.
5. കോമേഴ്സ് മേഖലയിലെ പ്രായോഗിക ജ്ഞാനം വർദ്ധിപ്പിക്കുക.
6. കോമേഴ്സ് വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലേക്ക് കൊണ്ട്വരിക.

| കുട്ടികളുടെ എണ്ണം | ഗ്രേഡ് | | | | |
|---|---|---|---|---|---|
| | A | B | C | D | E |
| 61 | 8 | 13 | 18 | 7 | 15 |

**കുട്ടികളുടെ പിന്നോക്കാവസ്ഥയിലേക്കുള്ള കാരണങ്ങൾ**

1. ബിസിനസ്സ് മേഖലയെ പറ്റി പ്രായോഗിക ജ്ഞാനം ഇല്ലായ്മ
2. പഠനത്തോടുള്ള താൽപര്യക്കുറവ്
3. രക്ഷകർത്താക്കളുടെ ഇടപെടലിന്റെ അഭാവം.
4. തുടർച്ചയായി ക്ലാസിൽ ഹാജരാകാതിരിക്കൽ.

**പരിഹാര മാർഗ്ഗങ്ങൾ**

കുട്ടികളിൽ പഠന താൽപര്യം വളർത്തിയെടുക്കാനും രക്ഷാകർത്താക്കളുടെ പ്രാതിനിധ്യം ഉറപ്പ് വരുത്താനും, ബിസിനസ്സ് മേഖലയിലെ പ്രായോഗിക ജ്ഞാനം വർദ്ധിപ്പിക്കാനും

താഴെ പറയുന്ന നടപടി ക്രമങ്ങൾ കൈകൊള്ളാൻ തീരുമാനിച്ചിരിക്കുന്നു.

| ക്ര. നം. | പ്രോഗ്രാം | പ്രവർത്തനം | കാലാവധി | സപ്പോർട്ട് |
|---|---|---|---|---|
| 1. | കോമേഴ്സ് ക്ലബ്ബ് രൂപീകരണം | ബിസിനസ്സ് സംരംഭകരെ പരിചയപ്പെടുത്തൽ, ബിസിനസ്സ് ക്ലാസ്സുകൾ സംഘടിപ്പിക്കൽ | ദീർഘ കാലം | വിദ്യാർത്ഥികൾ, അധ്യാപകർ, പി.ടി.എ |
| 2. | ഇൻഡസ്ട്രിയൽ വിസിറ്റ് | ബിസിനസ്സിന്റെ ഭൗതിക സാഹചര്യങ്ങൾ പരിചയപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്യൽ | ഹ്രസ്വ കാലം | വിദ്യാർത്ഥികൾ, അധ്യാപകർ, |
| 3. | കരിയർ ഗൈഡൻസ് | കോമേഴ്സുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളെക്കുറിച്ച് പ്രമുഖരെകൊണ്ട് ക്ലാസെടുപ്പിക്കൽ | ഹ്രസ്വ കാലം | വിദ്യാർത്ഥികൾ, അധ്യാപകർ, |
| 4. | ബിസിനെസ്സ് എക്സിബിഷൻകൾ | പഠിതാക്കളെകൊണ്ട് തന്നെയുള്ള ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും | ഹ്രസ്വ കാലം | വിദ്യാർത്ഥികൾ, അധ്യാപകർ, പി.ടി.എ |
| 5. | ക്വിസ് | ബിസിനസ്സ് മേഖലയിലെ നൂതന രീതികൾ സാങ്കേതിക വിദ്യകൾ, പ്രമുഖ വ്യക്തിത്വങ്ങൾ സമഗ്ര പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ചോദ്യങ്ങൾ | ഹ്രസ്വ കാലം | വിദ്യാർത്ഥികൾ, അധ്യാപകർ, |

ഇതിനു പുറമെ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്താൻ വേണ്ടി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഇതിനുവേണ്ടി എക്സ്ട്രാ ക്ലാസുകൾ എടുക്കുന്നതായിരിക്കും.

1. എടുത്ത പാഠഭാഗങ്ങളുടെ പുനരവലോകനം.
2. മുൻവർഷങ്ങളിലെ ചോദ്യ പേപ്പറുകൾ വിശകലനം ചെയ്യൽ
3. ഹോം വർക്കുകൾ, പ്രത്യേകം അസൈൻമെന്റുകൾ നൽകൽ.
4. ബിസിനസ്സ് വിഷയങ്ങളിൽ പൊതുചർച്ചകൾ
5. സിംപിൾ ടു കോംപ്ലക്സ് രീതി ഉപയോഗിക്കൽ.

# കമ്പ്യൂട്ടർ അപ്ലിക്കേഷൻ
# (എച്.എസ്.എസ്)

**പ്രശ്നങ്ങൾ**

**അക്കാദമിക**

1. അടിസ്ഥാന കാര്യങ്ങളിൽ (ഗണിതം, ഇംഗ്ലിഷ് ഭാഷാ) വേണ്ടത്ര അറിവില്ലായ്മ
2. പുറം ലോകത്ത് നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ച. (വിഷയത്തിൽ പെട്ടെന്നുണ്ടാകുന്ന മാറ്റ ങ്ങൾ)
3. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുമെങ്കിലും വിഷയ വുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല.
4. പലപ്പോഴും യുക്തിചിന്തയിൽ അധിഷ്ഠിതമായ പ്രോഗ്രാമിംഗ് മനസ്സിലാക്കാൻ കഴിയുന്നില്ല.
5. നൂതന സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വിഷയമായതി നാൽ ഇംഗ്ലിഷ് ഭാഷാ പരിജ്ഞാനം നിർബന്ധം.

**ഭൗതികം**

1. ക്ലാസ്സ് മുറികളിൽ ഉപകരണങ്ങളുടെ അപര്യാപ്തത,
2. അശാസ്ത്രീയമായ അധ്യാപക-വിദ്യാർത്ഥി അനുപാതം.
3. ലാബുകളിലെ കുറഞ്ഞ കമ്പ്യൂട്ടർ വിദ്യാർത്ഥി അനുപാതം.

**സാമൂഹികം**

1. വിഷയ സംബന്ധിതമായ മേഖലകളിൽ പ്രാവീണ്യം നേടിയ വരെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.
2. അടുത്ത കാലങ്ങളിലായി കൂടുതൽ ഉപയോഗപ്പെടുത്തുന്ന വിഷയമാണെങ്കിലും കുട്ടികളെ സമൂഹത്തിന് നന്നായി ഉപകാ രപ്പെടുന്നില്ല.

**പരീക്ഷാഫലം - ടേമ് - 2**

| ആകെ കുട്ടികൾ | നിലവാരം കൈവരിച്ചവർ | | | | | നിലവാരം കൈവരിക്കാത്തവർ |
|---|---|---|---|---|---|---|
| | Total | A | B | C | D | E |
| 61 | 43 | 10 | 20 | 10 | 3 | 18 |

**പരിമിതികൾ**

1. മുഴുവൻ കുട്ടികളെയും നിശ്ചിത പഠന നേട്ടത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.
2. അന്വേഷണാത്മക പഠനത്തിന്റെ സാധ്യതകൾ ക്ലാസ്സ് റൂം വിനിമയത്തിൽ ഉൾചേർക്കാൻ കഴിയുന്നില്ല.
3. ആവശ്യമായ ഐ.സി.ടി., വിഭവങ്ങൾ ലഭ്യമല്ല.

**ലക്ഷ്യങ്ങൾ**

1. അടിസ്ഥാന കാര്യങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്തുക.
2. നിത്യജീവിതത്തിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം മനസ്സിലാക്കുക.
3. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ വ്യക്തമാക്കുക.
4. ഇന്റർനെറ്റ് എടുക്കൽ, ഫോൾഡർ നിർമ്മാണം, ഓ.എസ്. ഇൻസ്റ്റാളേഷൻ, ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുക എന്നീ കാര്യങ്ങൾ ചെയ്യുവാനുള്ള അവസരങ്ങൾ ഉണ്ടാക്കു.
5. ടൈപ്പിംഗ്, ആനിമേഷൻ, വെബ് പേജ് നിർമ്മാണം എന്നീ തൊഴിലധിഷ്ടിത കാര്യങ്ങളുടെ സാധ്യതകൾ അറിയിക്കുക.
6. യുക്തി ചിന്തയോടു കൂടി പരീക്ഷകൾ, ലാബുകൾ കൈകാര്യം ചെയ്യാൻ സാധിക്കുക.

പ്രശ്ന വിശകലനം

1. മേഖല അക്കാദമിക

പ്രശ്നം - 1 യുക്തി ചിന്തയുടെ അഭാവം

ലക്ഷ്യം

എല്ലാ വിദ്യാർത്ഥികളിലും യുക്തി ചിന്ത ഉണർത്തൽ

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | സമയം/കാലം |
|---|---|---|---|
| പുതിയ കാര്യമായി പഠിക്കുന്നു. C++ പോലുള്ള കമ്പ്യൂട്ടർ ഭാഷാ പഠിപ്പിക്കുമ്പോൾ ലോജിക്ക് വളർത്താൻ പ്രയാസപ്പെടുന്നു. | ലോജിക്ക് വളർത്താൻ ഉതകുന്ന പഠന പ്രക്രിയകൾ ഉപയോഗപ്പെടുത്തുക | ലോജിക്ക് ഗെയിമുകൾ, ആപ്പുകൾ തുടങ്ങിയവ ഉപയോഗിക്കുക | ദീർഘ കാലം (വർഷത്തിൽ) |
| രക്ഷിതാവിന് പ്രശ്നത്തെക്കുറിച്ചുള്ള അറിവില്ലായ്മ | രക്ഷിതാക്കൾക്ക് ബോധനം നൽകൽ | ക്ലാസ്സ് പി.ടി.എ. ഉപയോഗപ്പെടുത്തൽ | ഹ്രസ്വ കാലം |
| സംവിധാനം : ഹൈസ്കൂൾ, പ്രൈമറി തലങ്ങളിൽ അനുബന്ധ പ്രവർത്തനങ്ങളുടെ അപര്യാപ്തത | സ്കൂൾ പാഠ്യ പദ്ധതിയിൽ ആവശ്യമായവ ഉൾപ്പെടുത്തി പരിഷ്കരിക്കുക. | സമഗ്ര പാഠ്യ പദ്ധതി പരിഷ്കരണം | ദീർഘ കാലം |

പ്രശ്നം - 2 വിഷയത്തിൽ പെട്ടെന്നുണ്ടാകുന്ന മാറ്റം

ലക്ഷ്യം

മാറ്റങ്ങൾ എത്രയും പെട്ടെന്ന് വിദ്യാർത്ഥികളിൽ എത്തൽ

| പ്രവർത്തനം | ചുമതല ടീം | കാലം |
|---|---|---|
| പുതിയ ടെക്നോളജികളെ കുറിച്ചുള്ള വാർത്തകൾ ശേഖരിക്കുക (അസൈൻമെന്റ് & സെമിനാർ) | വിദ്യാർത്ഥികളുടെ വിവിധ സംഘങ്ങൾ | നിരന്തരം |
| വിദഗ്ധരെ ഉപയോഗപ്പെടുത്തി ക്ലാസ്സുകൾ കൊടുക്കുക | വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർ | വർഷത്തിൽ 2 തവണ (സാമ്പത്തികം- (പി.ടി.എ) |
| ഐ.ടി. ക്ലബ്ബ് വഴി പ്രദർശനങ്ങൾ സെമിനാർ നടത്തുക | വിദ്യാർത്ഥികൾ | |

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | കാലം |
|---|---|---|---|
| കുട്ടി മാറ്റങ്ങൾ അറിയാതെ പോകുന്നു | മാധ്യമങ്ങളുമായി സമ്പർക്കം കാത്തു സൂക്ഷിക്കുക | ടി.വി., പത്രങ്ങൾ, ഇന്റർനെറ്റ് ശ്രദ്ധയോടെ വീക്ഷിക്കുക | നിരന്തരം (പി.ടി.എ) |

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം | കാലം |
|---|---|---|---|
| ടീച്ചർ പാഠ പുസ്തകത്തിന്റെ പുറത്തുള്ളത് അറിയാതെ പോകുന്നു | പുതിയ സാങ്കേതിക വിദ്യകളെ കുറിച്ചുള്ള അറിവ് കരസ്ഥമാക്കുക | കിട്ടാവുന്ന എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുക | നിരന്തരം |
| രക്ഷിതാവ് പുതിയ സാങ്കേതിക വിദ്യകൾ അറിയാതെ പോകുന്നു | പുതു തലമുറയ്ക്കൊപ്പം നടക്കുക | സാങ്കേതിക വിദ്യകളെ കുറിച്ചുള്ള വിജ്ഞാനങ്ങൾ ഉപയോഗപ്പെടുത്തുക | നിരന്തരം |
| സംവിധാന : പാഠ പുസ്തകങ്ങളിലുള്ളത് പെട്ടെന്ന് പഴയതാകുന്നു | മറ്റു വിഷയങ്ങളെക്കാളും മുമ്പേ പാഠ്യപദ്ധതി പരിഷ്കരണം നടത്തുക | ഓരോ വർഷവും പരിഷ്കരണം നടത്തുക | നിരന്തരം |

**പ്രശ്നം :** അടിസ്ഥാന ഗണിതത്തിലുള്ള അവഗാഹ കുറവ്

**പ്രവർത്തനങ്ങൾ :** നിരന്തരം

ലളിത ക്രിയകൾ ചെയ്ത് പഠിപ്പിക്കുക. അടിസ്ഥാന ക്രിയകൾ ഉൾപ്പെടുത്തി കണക്കുകൾ ചെയ്യിപ്പിക്കുക. വിവിധ നിലവാരങ്ങളിലുള്ള ചോദ്യങ്ങൾ തയ്യാറാക്കി പഠിപ്പിക്കുക.

കുട്ടികളുടെ നിലവിലെ സ്ഥിതി വിലയിരുത്തൽ (സ്കൂൾ തുറന്ന ഉടൻ)

# സാമ്പത്തിക ശാസ്ത്രം
# (എച്.എസ്.എസ്)

**പ്ലസ് വൺ**

**പരീക്ഷാഫലം**

| ആകെ കുട്ടികൾ | നിലവാരം കൈവരിച്ചവർ | | | | | നിലവാരം കൈവരിക്കാത്തവർ |
|---|---|---|---|---|---|---|
| | Total | A | B | C | D+ | E |
| 61 | 52 | 15 | 16 | 17 | 4 | 9 |

**ലക്ഷ്യങ്ങൾ**

1. അടിസ്ഥാന സൗകര്യങ്ങൾ എല്ലാവർക്കും ഉറപ്പ് വരുത്തുക.
2. നിരന്തരം മൂല്യ നിർണ്ണയം ഫലപ്രദമായി നടത്തുക.
3. ആവശ്യമായ ഐ.സി.ടി. വിഭവങ്ങൾ ലഭ്യമാക്കുക.
4. ദൈനംദിന പ്രവർത്തനങ്ങളിൽ സാമ്പത്തിക ശാസ്ത്രത്തിൽ പ്രാധാന്യം മനസ്സിലാക്കി കൊടുക്കു.
5. ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ ഉപയോഗം ഉറപ്പ് വരുത്തുക.

**പരിമിതികൾ**

1. മുഴുവൻ കുട്ടികളെയും നിശ്ചിത പഠന നേട്ടത്തിലേക്കെത്തിക്കാൻ കഴിഞ്ഞിട്ടില്ല.
2. അന്വേഷണാത്മക പഠനത്തിന്റെ സാധ്യതകൾ ക്ലാസ് റൂം വിനി മയത്തിൽ ഉൾചേർക്കാൻ കഴിയുന്നില്ല.
3. ഡയഗ്നോസ്റ്റിക്ക് ടെസ്റ്റ് നടത്താനുള്ള സമയക്കുറവ്.

പ്രശ്നവിശകലനം

1. സ്റ്റാറ്റിസ്റ്റിക്സിൽ താൽപര്യ കുറവ്

| കാരണം | പരിഹാര പ്രവർത്തനം | സമയം |
|---|---|---|
| വിരസവും കഠിനവുമായ വിഷയമായാണ് കുട്ടികൾ സ്റ്റാറ്റിസ്റ്റിക്സിനെ കാണുന്നത് | നൂതനമായ ബോധന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. ഗവേഷണ രീതി ബോധനത്തിൽ ഉൾപ്പെടുത്തണം. വിദ്യാലയ ഗ്രന്ഥശാലയോടനുബന്ധിച്ച് ഗണിതശാസ്ത്രത്തിന് ഒരു പ്രത്യേക വിഭാഗമുണ്ടെങ്കിൽ സ്റ്റാറ്റിസ്റ്റിക്സിൽ താൽപര്യം വളർത്താൻ സഹായകമാവും. | നിരന്തരം |
| 2. ഗണിതശാസ്ത്ര ക്രിയകൾ ചെയ്യുന്നതിനുള്ള അവഗാഹ കുറവ് | | |
| ചതുസ്ക്രിയകൾ സൂക്ഷ്മമായി ചെയ്യാൻ കഴിയാത്തത് | സൂക്ഷ്മത വർദ്ധിപ്പിക്കാൻ ആദ്യമായി ചെയ്യേണ്ടത് പട്ടികകൾ ഹൃദിസ്ഥമാക്കുകയാണ്. | |
| പ്രയോഗിക്കേണ്ട തത്വങ്ങൾ ശരിയായി അറിയാത്തത് | ഗണിതശാസ്ത്രത്തിലെ അടിസ്ഥാന തത്വങ്ങൾ ആശയഗ്രഹണത്തോടെ ഹൃദിസ്ഥമാക്കാനുള്ള പ്രവർത്തനങ്ങൾ | |

# ഉപസംഹാരം

കോവിഡാനന്തര കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ തന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉണർവ്വ് ഉണ്ടായ ഒരു കാലമാണ് ഇത്. കാലത്തിന്റെ മാറ്റത്തിന് അനുസരിച്ച് അക്കാദ മിക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നമ്മുടെ സ്ക്കൂളിലും വിവിധ തലങ്ങളിൽ നടന്ന ചർച്ചകളുടെ ക്രോഡീകരണമാണ് ഇത്. അക്കാദമിക് പ്രവർത്തനങ്ങൾ പൂർണ്ണമായും ഫലവത്താവാൻ സഹാ യിക്കുമെന്ന ആത്മവിശ്വാസത്തോടെ ഞങ്ങൾ ഇത് സ്വാഭിമാനം സമർപ്പിക്കുന്നു.